**PROJECT ON**

# THE LEGENDARY AMBALAPUZHA TEMPLE AND KUNCHAN NAMBIAR'S THULLAL ART FORM

Submitted by

**Unni Maya U**

Reg. No. **SM23BHA010**

MA Bharatanatyam

Department of Bharatanatyam

St Teresa's college Ernakulam

**Affiliated to MG University**

**2023 2025**

# ഐതിഹ്യം നിറഞ്ഞ അമ്പലപ്പുഴ ക്ഷേത്രവും

# കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ കലാരൂപവും

## സാക്ഷ്യപത്രം

ഉണ്ണിമായ യു

ഭരതനാട്യ വിഭാഗം

സെന്റ് തെരേസാസ് കോളേജ്

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഭരതനാട്യ ബിരുദാനന്തര ബിരുദ പഠനത്തിന്റെ ഭാഗിക പൂരണത്തിനായി ഉണ്ണിമായ യു സമർപ്പിക്കുന്ന ഐതിഹ്യം നിറഞ്ഞ അമ്പലപ്പുഴ ക്ഷേത്രവും കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ കലാരൂപവും എന്ന് ഗവേഷണ പ്രബന്ധം എന്റെ നോട്ടത്തിൽ തയ്യാറാക്കിയിട്ടുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡോ. ബീന ഡി

ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റ്

അസിസ്റ്റന്റ് പ്രൊഫസർ

ഭരതനാട്യ വിഭാഗം

സെന്റ് തെരേസാസ് കോളേജ്

എറണാകുളം

കോളേജ് സീല്

സബ്മിഷൻ തീയതി

എക്സ്റ്റേണൽ എക്സാമിനർ

# നന്ദി

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഭരതനാട്യ ബിരുദാനന്തര ബിരുദ പഠനത്തിന്റെ ഭാഗിക പൂർണ്ണത്തിനായി സമർപ്പിക്കുന്ന ഐതിഹ്യം നിറഞ്ഞ അമ്പലപ്പുഴ ക്ഷേത്രവും കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ കലാരൂപവും എന്ന ഈ പ്രബന്ധം തയ്യാറാക്കുന്നതിന് എനിക്ക് മാർഗനിർദേശം നൽകി എല്ലാ സഹായസഹകരണങ്ങളും ചെയ്തുതന്ന ഭരതനാട്യം വിഭാഗം അധ്യാപികയും വകുപ്പ് മേധാവിയുമായ ശ്രീമതി ഡോക്ടർ ബീന ഡി.യോടും മറ്റ് അധ്യാപകരോടും സെന്റ് തെരേസാസ് കോളേജ് ലൈബ്രറിയോടും ഉള്ള കടപ്പാട് ഇവിടെ രേഖപ്പെടുത്തുന്നു.

എറണാകുളം ഉണ്ണിമായ യു

തീയതി

## സത്യ വാചകം

ഈ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും സർവകലാശാലയുടെയും തതുല്യമായ സ്ഥാപനത്തിന്റെയോ ബിരുദത്തിനോ ഫെലോഷിപ്പിനോ മറ്റേതെങ്കിലും ടൈറ്റിലിനു അംഗീകാരത്തിനോ വേണ്ടി എഴുതപ്പെട്ടിട്ടുള്ളത് അല്ലെന്ന് ഇതിനാൽ ബോധ്യപ്പെടുത്തിക്കൊള്ളുന്നു.

എറണാകുളം　　　　　　　　　　ഉണ്ണിമായ യു

തീയതി

## ഉപോദ്ഘാതം

കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട മൂന്ന് ശ്രീകൃഷ്ണസ്വാമി ക്ഷേത്രങ്ങളിൽ ഒന്നാണ് അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം. ഗുരുവായൂർ ക്ഷേത്രത്തിനും തൃപ്പൂണിത്തുറ പൂർണ്ണത്രയീശൻ ക്ഷേത്രത്തിനും തുല്യമായി തെക്കൻ കേരളത്തിൽ സ്ഥിതി ചെയ്യുന്ന ക്ഷേത്രമാണ് അമ്പലപ്പുഴ. ശ്രീകൃഷ്ണസ്വാമി ക്ഷേത്രം ഗുരുവായൂരിന് തുല്യമായ സ്ഥാനം വഹിക്കുന്ന ക്ഷേത്രം ആയതിനാൽ ഈ ക്ഷേത്രത്തിന്റെ (അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിനെ) തെക്കൻ ഗുരുവായൂർ എന്നും അറിയപ്പെടുന്നു. കേരളീയ വാസ്തു ശൈലിയിൽ പണിതിട്ടുള്ള അമ്പലപ്പുഴ ക്ഷേത്രത്തിന്റെ പ്രതിഷ്ഠ ഭഗവാൻ ശ്രീകൃഷ്ണന്റേതാണ്.

മഹാപ്രശസ്തനായ തുള്ളൽ കലാകാരനായ മഹാകവി കലകത്ത് കുഞ്ചൻ നമ്പ്യാർ( ചെമ്പകശ്ശേരി) അമ്പലപ്പുഴയിൽ ആയിരുന്നു തന്റെ യൗവന കാലത്തിൽ ജീവിച്ചിരുന്നത്. മഹാകവി കുഞ്ചൻ നമ്പ്യാർക്ക് തുള്ളൽ എന്ന് പറയപ്പെടുന്ന കലാരൂപം നിർമ്മിക്കുന്നതിന് ( കണ്ടുപിടിച്ചത് ) പ്രചോദനം ലഭിച്ചത് അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ വച്ചാണ്. ഈ ക്ഷേത്രത്തിൽ വച്ചാണ് അദ്ദേഹം അതുവരെ മാനവർ കണ്ടിട്ടില്ലാത്ത ഒരു കലാരൂപം ഓട്ടൻതുള്ളൽ കണ്ടുപിടിക്കുകയും അത് അമ്പലപ്പുഴ കൃഷ്ണസ്വാമി കഴുത്തട്ടിൽ അവതരിപ്പിക്കുകയും ചെയ്തു എന്നതാണ് വിശ്വാസം. പതിനെട്ടാം നൂറ്റാണ്ടിൽ കുഞ്ചൻ നമ്പ്യാർ അവതരിപ്പിച്ച തുടങ്ങിയ കലാരൂപമാണ് ഓട്ടൻതുള്ളൽ. സംഗീതം കവിത ആക്ഷേപഹാസ്യം നൃത്തം സാമൂഹിക വിശകലനം എന്നിങ്ങനെ നിരവധി കലാരൂപങ്ങളുടെ സമ്മേളനമാണ് ഈ കലാരൂപം. തുള്ളലിനെ സാധാരണക്കാരന്റെ കഥകളെ എന്നും പറയുന്നു. ചാക്യാർകൂത്ത് കഥകളി പടയണി കുടിയാട്ടം തുടങ്ങിയ കലാരൂപങ്ങളുടെ ആശയം മുൻനിർത്തിയാവാം കലകത്ത് കുഞ്ചൻ നമ്പ്യാർ തുള്ളൽ എന്ന കലാരൂപത്തിന് തുടക്കം കുറിച്ചിരുന്നത് എന്ന് കരുതപ്പെടുന്നു.

# അമ്പലപ്പുഴ ക്ഷേത്രം

കേരള സംസ്ഥാനം രൂപം കൊണ്ടതിനുശേഷം കേരളത്തിൽ കിടക്കുന്ന മുൻ തിരുവിതാംകൂർ ഭാഗത്ത് 5 മഹാ ക്ഷേത്രങ്ങൾ ഉണ്ടായിരുന്നു. തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രം ഹരിപ്പാട് സുബ്രഹ്മണ്യസ്വാമി ക്ഷേത്രം വൈക്കം മഹാദേവ ക്ഷേത്രം ഏറ്റുമാനൂർ മഹാദേവക്ഷേത്രം അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം എന്നിങ്ങനെ 5 ക്ഷേത്രങ്ങൾ ആയിരുന്നു നിലനിന്നിരുന്നത്.

ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴയിൽ ചരിത്രവും ഐതിഹ്യവും ഒത്തുചേർന്ന് പുരാതന കാലം മുതൽ സ്ഥിതിചെയ്യുന്ന ഒരു മഹാകൃഷ്ണ ക്ഷേത്രമാണ് അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം. കേരളത്തിൽ ദേവ നിർമ്മിതാവായ മൂന്ന് വിഷ്ണുവിഗ്രഹങ്ങൾ പ്രതിഷ്ഠിക്കപ്പെട്ട ക്ഷേത്രങ്ങൾ ഉണ്ടെന്ന് കരുതപ്പെടുന്നു. അതിൽ ഒന്നാണ് അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം. കൂടാതെ മറ്റു രണ്ടു ക്ഷേത്രങ്ങളാണ് ഗുരുവായൂർ ക്ഷേത്രവും തൃപ്പൂണിത്തുറയിൽ സ്ഥിതിചെയ്യുന്ന പൂർണ്ണത്രയീശ ക്ഷേത്രവും. ഇങ്ങനെ മൂന്ന് ക്ഷേത്രങ്ങളിൽ ആണ് ദൈവനിർമ്മിതമായ മൂന്ന് വിഷ്ണു വിഗ്രഹങ്ങൾ കാണപ്പെടുന്നത്.

വലതു കൈയിൽ ചമ്മട്ടിയും ഇടതു കൈയിൽ പാഞ്ചജന്യവുമായി ഒരു പാർത്ഥസാരഥി സങ്കല്പത്തിൽ നിൽക്കുന്ന പരബ്രഹ്മ സ്വരൂപമായ ശ്രീകൃഷ്ണ ഭഗവാന്റെ പ്രതിഷ്ഠയാണ് അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ കൃഷ്ണവിഗ്രഹം. ലോകമെമ്പാടും അറിയപ്പെടുന്ന അമ്പലപ്പുഴ പാർപ്പായസം ഈ ക്ഷേത്രത്തിന്( അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം) സ്വകാര്യമാണ്. കൂടാതെ ഈ ക്ഷേത്രത്തിന്റെ തനത് കലകളിൽ ഉൾക്കൊള്ളുന്ന മറ്റൊരു കലാരൂപം കൂടിയുണ്ട് അതാണ് അമ്പലപ്പുഴ വേലകളി. ഈ കലാരൂപ ക്ഷേത്രം ഉത്സവ സമയത്ത് മാത്രം അമ്പലത്തിൽ ചെയ്തുപോരുന്ന ഒരു കലാരൂപമാണ്. അമ്പലപ്പുഴ ക്ഷേത്രത്തിന്റെ നിർമിതാവ് എന്നറിയപ്പെടുന്നത് പണ്ടുകാലത്തെ അമ്പലപ്പുഴയിലെ നാട്ടുരാജ്യമായിരുന്ന ചെമ്പകശ്ശേരി നാട്ടുരാജ്യത്തിലെ ഭരണാധികാരി ആയിരുന്ന പൂരാടം തിരുനാൾ ദേവനാരായണൻ

ആയിരുന്നു. നക്ഷത്രം നിർമ്മിച്ച വർഷം എന്ന് കരുതപ്പെടുന്നത് ക്രിസ്തുവർഷം 1545 ലാണ് എന്ന് കരുതപ്പെടുന്നത് കൂടാതെ ക്ഷേത്രവുമായി ബന്ധപ്പെട്ട് നടത്തിപ്പോരുന്ന മറ്റൊരു ആചാരമാണ് മൂലം വള്ളംകളി. മൂലം വള്ളംകളി നടത്തിപ്പോരുന്നത് ക്ഷേത്രപ്രതിഷ്ഠയായി ബന്ധപ്പെടുത്തിയാണ്. ക്ഷേത്രം പ്രതിഷ്ഠിച്ച സമയത്ത് മൂലം നാളിൽ ചമ്പക്കുളം പമ്പ നദിയിലാണ് ഒരു രാജപ്രമുഖൻ വള്ളംകളി നടത്തിപ്പോരുന്നത്. ഈ രാജപ്രമുഖൻ വള്ളംകളി നടത്തിപ്പോരുന്നത് 1545 മുതലാണ്. അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ ശ്രീകൃഷ്ണ ഭഗവാന്റെ പ്രതിഷ്ഠ കൂടാതെ മറ്റ് ഉപദേവതകളായി ശിവഭഗവാന്റെയും ഗണപതി ഭഗവാന്റെയും അയ്യപ്പന്റെയും ഭദ്രകാളി ദേവിയുടെയും പ്രതിഷ്ഠകൾ ഉണ്ട്. ശ്രീകൃഷ്ണ ഭഗവാനെ കൂടാതെ ഈ ദേവി ദേവന്മാരെയും അമ്പലപ്പുഴ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിൽ ഉപാസിച്ചു വരുന്നു. അമ്പലപ്പുഴ കണ്ണന്റെ തിരുവുത്സവമായി നടത്തിപ്പോരുന്നത് മീന മാസത്തിലാണ്. മീന് മാസത്തിലെ അത്തം നാളിലാണ് അമ്പലപ്പുഴ കണ്ണന്റെ തിരുവുത്സവത്തിന് കൊടി കയറുന്നത്. അത്തം മുതൽ തിരുവോണം വരെയാണ് കണ്ണന്റെ ഉത്സവം നടത്തിപ്പോരുന്നത്. 10 ദിവസം നീണ്ടുനിൽക്കുന്ന ഉത്സവമാണ് അമ്പലപ്പുഴ കണ്ണന്റേത്.

ഉത്സവ നാളിൽ 10 ദിവസത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒമ്പതാം തിരുവുത്സവമാണ്. ഒമ്പതാം തിരുവുത്സവത്തിലാണ് വിശേഷാൽ കണ്ണന്റെ ഇഷ്ടവഴിപാട് ആയ നാടകശാല സദ്യ നടക്കുന്നത്. തിരുവിതാംകൂർ ദേവസ്യ ബോർഡിന്റെ കീഴിലാണ് തിരുവുത്സവം നടത്തിപ്പോരുന്നത്. ഉത്സവം പോലെ തന്നെ പ്രധാനപ്പെട്ട മറ്റൊരു ചടങ്ങാണ് കളഭം. 12 ദിവസം നീണ്ടു നിൽക്കുന്ന ഒരു കളഭം ചാർത്തൽ ചടങ്ങാണ്. മലയാള മാസം ആയ മകരം ഒന്നിനാണ് കളഭം തുടങ്ങുന്നത്. ഒരു ഉത്സവം പോലെ തന്നെയാണ് കളഭം നടത്തിവരുന്നത്. അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ചടങ്ങ് കൂടിയാണ് കളഭം.

കേരളത്തിലെ ഒരു പേരുകേട്ട ശ്രീകൃഷ്ണസ്വാമി ക്ഷേത്രമായ ഗുരുവായൂർ ക്ഷേത്രവുമായി അമ്പലപ്പുഴ സ്വാമി ക്ഷേത്രത്തിനുള്ള

ബന്ധം വളരെ വലുതാണ്. കാരണം പണ്ട് കാലത്ത് ബ്രിട്ടീഷുകാരുടെ നിയന്ത്രണത്തിൽ ആയിരുന്നു കേരളം. അപ്പോൾ ബ്രിട്ടീഷുകാരു ക്ഷേത്രങ്ങൾ ആക്രമിക്കുകയുണ്ടായിരുന്നു കാരണം ക്ഷേത്രത്തിലെ വിലപിടിപ്പുള്ള വചനവും മറ്റും അവർ ആക്രമിച്ചു കൈക്കലാക്കുമായിരുന്നു. അങ്ങനെ ഒരിക്കൽ ടിപ്പുസുൽത്താൻ ഒട്ടുമിക്ക ക്ഷേത്രവും ആക്രമിച്ച് കീഴ്പ്പെടുത്തിരുന്നപ്പോൾ ഗുരുവായൂർ ക്ഷേത്രം ആക്രമിക്കുമോ എന്ന തിരുമേനിമാരുടെയും മറ്റ് ക്ഷേത്ര ഭാരവാഹികളുടെയും ഗുരുവായൂർ ക്ഷേത്രം ഊരാളൻ ആയിരുന്നു മല്ലശ്ശേരി നമ്പൂതിരിയും തന്ത്രിയും ശാന്തിക്കാരും കഴക ക്കാരും കൂടി ഗുരുവായൂർ ക്ഷേത്രത്തിലെ ഗുരുവായൂരപ്പന്റെ വിഗ്രഹം രായിക്ക് രാമാനം അന്ന് രാത്രി തന്നെ അമ്പലപ്പുഴയിലേക്ക് കൊണ്ടുവരികയും പണ്ടത്തെ അമ്പലപ്പുഴയിലെ നാട്ടുരാജ്യമായിരുന്നു പഴയ ചെമ്പകശ്ശേരി രാജകൊട്ടാരം ആയിരുന്ന തെക്കേ മഠത്തിൽ പ്രത്യേകം ശ്രീകോവിലും തിടപ്പള്ളിയും കിണറും പണികഴിപ്പിച്ച ഗുരുവായൂരപ്പന് അവിടെ കൂടിയിരുത്തുകയും ചെയ്തിരുന്നു എന്നാൽ ടിപ്പുസുൽത്താന്റെ ആക്രമണം ഗുരുവായൂരപ്പന്റെ ക്ഷേത്രത്തിൽ ബാധിച്ചില്ലായിരുന്നു. പിന്നീട് ആക്രമണം ശാന്തമായപ്പോൾ ഗുരുവായൂരപ്പന്റെ വിഗ്രഹം തിരിച്ചു ഗുരുവായൂർ ക്ഷേത്രത്തിലേക്ക് അമ്പലപ്പുഴയിൽ നിന്ന് കൊണ്ടുപോയി എന്നാൽ ഇന്നും ഗുരുവായൂരിൽ അപ്പനെ പ്രതിഷ്ഠിച്ച ശ്രീകോവിലും തിടമ്പള്ളിയും കിണറും എല്ലാമുണ്ട്. ഗുരുവായൂരപ്പനെ സ്ഥാപിച്ചിരുന്ന ആ ശ്രീകോവിലിന് എന്നും ഗുരുവായൂർ നട എന്ന പറയുന്നു. എന്നും ആ നടയിൽ ശ്രീകോവിലിൽ വിളക്ക് വെച്ച് പോരുന്നു. അതുപോലെതന്നെ ഇന്ന് അമ്പലപ്പുഴ ക്ഷേത്രത്തിൽ പാൽപ്പായസവും എഴുന്നള്ളിപ്പ് നടത്തുമ്പോഴും അത് നേദിക്കുമ്പോൾ വടക്കേ നടയിൽ ഗുരുവായൂർ നടയിൽ ഒരു കൃഷ്ണപരുന്ത് സാന്നിധ്യം കാണാൻ സാധിക്കും.

പായസസമയം വടക്കേ നടയിൽ ആകാശത്ത് ശ്രീകൃഷ്ണ പരുന്ത് വട്ടമിട്ട് പറക്കുന്നത് കാണാൻ സാധിക്കും അത് ഗുരുവായൂർ ക്ഷേത്രത്തിലെ ഗുരുവായൂരപ്പന്റെ സാന്നിധ്യമായി കരുതപ്പെടുന്നു (വിശ്വസിച്ചു പോരുന്നു)

# ഐതിഹ്യം

ഭാഗവതോത്തമനും സ്വന്തം തപശക്തി കൊണ്ട് ഭഗവാനെ പുറം കണ്ണുകളാൽ കാണാൻ കഴിയുമായിരുന്ന വലിയമംഗലം സ്വാമിയാർ ചെമ്പകശ്ശേരി രാജാവിന് ഇടയ്ക്കിടയ്ക്ക് സന്ദർശിച്ച ആദിത്യം സ്വീകരിച്ച ആധ്യാത്മിക പ്രചോദനങ്ങൾ നൽകുമായിരുന്നു. അന്ന് ദേവനാരായണന്മാരുടെ മഠം നവരായ്ക്കൽ ക്ഷേത്രത്തിന് സമീപമായിരുന്നു സ്ഥിതി ചെയ്തിരുന്നത്. ഒരിക്കൽ രാജാവ് വില്യമംഗലം സ്വാമിയാരും കൂടി അമ്പലപ്പുഴ തോട്ടിലൂടെ സഞ്ചരിക്കുന്ന അവസരത്തിൽ പെട്ടെന്ന് എന്തോ കേട്ട് (കണ്ണന്റെ കുഴൽ നാദം ) സ്ഥാപിച്ചതുപോലെ വള്ളം കരയ്ക്കടുപ്പിക്കാൻ സ്വാമിയാർ ആവശ്യപ്പെട്ടു അദ്ദേഹം (വില്യമംഗലം ) കരക്കിറങ്ങി. അപ്പോൾ ക്ഷേത്രത്തിലെ ഗണപതി ക്ഷേത്രം ഇരിക്കുന്ന സ്ഥലത്ത് നിൽക്കുന്ന ആലിൻ കൊമ്പിലേക്ക് നോക്കി നിന്ന് ശേഷം ഭക്തിയോടെ വലിയമംഗലം സ്വാമി തൊഴിൽ നിൽക്കുന്ന കാഴ്ചയാണ് രാജാവ് കണ്ടത്. തുടർന്ന് സ്വാമിയാർ ഈ അശ്വത്ഥ വൃക്ഷത്തെ വലം വയ്ക്കുന്നതും കാണാനിടയായ രാജാവും പള്ളിയോടത്തിൽ നിന്നിറങ്ങി സ്വാമി ആരുടെ അടുത്ത് എത്തുകയും എന്താണ് സംഭവിക്കുന്നതെന്ന് ആരാകുകയും ( ചോദിക്കുകയും ) ചെയ്തു സാക്ഷാൽ ശ്രീ കൃഷ്ണ ഭാരവാത്മാവ് വേണുഗോപാലന്റെ രൂപത്തിൽ ഈ ആലിൻ കുമ്പിലിരുന്ന് ഓടക്കുഴൽ വായിക്കുന്നത് കേട്ടതിനാലാണ് താൻ വളർത്തുന്ന ഭഗവാനെ കാണാനായി ഇറങ്ങിയതെന്നും ഭഗവാനെ കാണാൻ സാധിച്ചു എന്ന് രാജാവിന് മറുപടിയായി അറിയിച്ചു. കൂടാതെ ആ സ്ഥലത്ത് കൃഷ്ണന്റെ ഗോശാല യോടു കൂടിയ പ്രതിഷ്ഠയോടെയുള്ള ഒരു ക്ഷേത്രം സ്ഥാപിച്ചാൽ നാടിനും രാജാവിനും അഭിവൃത്തി ഉണ്ടാകുമെന്നും പണിയുന്ന ക്ഷേത്രത്തിലേക്ക് ലോകമെമ്പാടുമുള്ള കൃഷ്ണ ഭക്തർ ആകർഷിക്കപ്പെടുമെന്നും സ്വാമിയാർ രാജാവിനോട് പറഞ്ഞു. വല്യ മംഗലത്തിന്റെ നിർദ്ദേശപ്രകാരം ശിരസാവഹിച്ച രാജാവ് ക്ഷേത്രം നിർമ്മാണത്തിനും വിഗ്രഹ പ്രതിഷ്ഠയും ഉള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തു.

ക്ഷേത്ര നിർമ്മാണത്തിനുള്ള വലിയ മംഗലത്ത് സ്വാമിയാരുടെ നിർദ്ദേശത്തെ തുടർന്ന് ക്ഷേത്ര സ്ഥാപനത്തിനുള്ള പ്രാരംഭ നടപടികളെപ്പറ്റി ആലോചിച്ചപ്പോൾ തന്നെ ഈ സ്ഥലം നാട്ടിലെ ഒരു പ്രധാന ഈഴവ പ്രമാണിയുടെ വക ആണെന്നറിയാൻ കഴിഞ്ഞു. ദേവനാരായണൻ ആ കുടുംബത്തിലെ കാരണവരെ വിളിച്ചുവരുത്തി ക്ഷേത്രനിർമാണത്തിന് മരം വീട്ടുന്ന ആവശ്യപ്പെടുകയും സ്വന്തം സ്ഥലത്ത് ക്ഷേത്രം വരുന്നത് ഈശ്വരാനുഗ്രഹം ആയി കണ്ട ആ കാരണവർ സ്ഥലം സസന്തോഷം വിട്ടു നൽകുകയും ആണ് ഉണ്ടായത്.

ഈ സ്ഥലത്ത് ആയോധനവിദ്യ അഭ്യസിച്ചിരുന്ന ഒരു കളരിയായിരുന്നു പ്രവർത്തിച്ചുവന്നിരുന്നത്. കോലത്ത് നാട്ടിലെ ഉളിയക്കാട് നിന്ന് പോർക്ക് രാജ്യത്തെ ചെറുപ്പക്കാരെ കളരിയും ആയോധനമുറയും പഠിപ്പിക്കുന്നതിനായി രാജാവ് വരുത്തിയ ഗുരുക്കന്മാരുടെ വംശ പരമ്പരയിൽ പെട്ടവരായിരുന്നു ഈ കുടുംബക്കാർ. ഈ സ്ഥലം വിട്ടു നടക്കുന്നതിന് പകരമായി അമ്പലപ്പുഴയിൽ തന്നെ എവിടെ സ്ഥലം ചോദിച്ചാലും കൊടുക്കാം എന്ന് രാജാവ് പണിക്കാർക്ക് ഉറപ്പുനൽകിയിരുന്നു. അന്ന് ഈ പ്രദേശത്തെ ഏറ്റവും ഫലഭൂയിഷ്ഠമായ കട്ടക്കുഴി ഭാഗത്ത് പകരം സ്ഥലമായി വേണമെന്ന് പണിക്കാർ ആവശ്യപ്പെട്ടു. പണിക്കാർ ആവശ്യപ്പെട്ടിരുന്ന സ്ഥലവും അവിടെ ഒരു ഇല്ലവും ഒരു ബ്രാഹ്മണ കുടുംബത്തിന്റെ ആയിരുന്നു. ബലപ്രയോഗത്തിലും അവരെ ഒഴിപ്പിക്കാൻ ദേവനാരായണ മനസ്സ് വന്നില്ല പകരം ചതിപ്രയോഗത്തിലൂടെ അവരെ നാടുകടത്തി അങ്ങനെ പണിക്കാർ ആവശ്യപ്പെട്ട അമ്പനാട് ഇല്ലം തനിക്കാർക്ക് നൽകി.

വല്യമംഗലത്ത് സ്വാമിയാരുടെ ഉപദേശപ്രകാരം ദേവനാരായണ ക്ഷേത്രം ഇരിക്കുന്ന സ്ഥലം അതിന്റെ പൂർവ്വജന്മയായ അമ്പനാട് കുടുംബക്കാരണവരിൽ നിന്ന് ഏറ്റെടുത്ത് യഥാവിധി ക്ഷേത്ര നിർമ്മാണം പൂർത്തീകരിച്ചു. ചെമ്പകശ്ശേരി രാജ്യത്തെ മുപ്പതിനായിരം കുടുംബങ്ങൾക്ക് നിർമാണത്തിൽ സാമ്പത്തിക പങ്കാളിത്തം ഉണ്ടായിരുന്നു. അതിന്റെ സ്മരണാർത്ഥം ഇടവം ഒന്നിന് 30,000 കളഭം നടത്തി വരുന്നു. ഓടക്കുഴൽ വായിച്ചുകൊണ്ടിരുന്ന ഗോപാലനായ

കണ്ണന്റെ ദർശനമാണ് സ്വാമിയാർക്ക് എന്നതുകൊണ്ട് ഗോശാല കൃഷ്ണ വിഗ്രഹം തന്നെ കൃഷ്ണ ശിലയിൽ പണികഴിപ്പിക്കുകയും ചെയ്തു.

മുൻകൂട്ടി നിശ്ചയിച്ച പ്രകാരമുള്ള മുഹൂർത്തത്തിൽ പ്രതിഷ്ഠ നടക്കത്തക്ക രീതിയിൽ പ്രതിഷ്ഠയ്ക്ക് മുന്നോടിയായി ഉള്ള ബിംബപരിഗ്രഹ ചടങ്ങുകൾ ആരംഭിച്ചു. വിഗ്രഹ ശുദ്ധി, ജനാധിവാസം, ഷയനാദിവാസം നേത്രോത്മീലനം എന്നിവയാണ് വിഗ്രഹം പീഡത്തിൽ ഉറപ്പിക്കുന്നതിന് മുൻപായി നടത്തുന്ന താന്ത്രിക വിധിപ്രകാരമുള്ള പൂജാകർമ്മങ്ങൾ. അതിൽ പ്രഥമ ചടങ്ങ് ആയ വിഗ്രഹ ശുദ്ധിയായി തയ്യാറാക്കിയ മണ്ഡപത്തിലേക്ക് വിഗ്രഹം ആനയിച്ചു കൊണ്ടുവന്ന രാജകുടുംബാംഗങ്ങൾ രാജ സദസ്സിലെ അംഗങ്ങൾ സ്ഥലത്തെ വൈദിക ശ്രേഷ്ഠൻ പൗരപ്രമുഖൻ തുടങ്ങിയവർ എല്ലാവരും ഉപസ്ഥിതരായിരുന്നു. കുടമാളൂരിലെ കൊടിയക്കോൽ ഇല്ലത്തെ നമ്പൂതിരിമാർ ആയിരുന്നു ദേവനാരായണന്മാരുടെ കുടുംബ പുരോഹിതന്മാർ. അതുകൊണ്ടുതന്നെ കടിയാക്കോൽ ഇല്ലാത്ത കാരണവരായ തിരുമേനിയുടെ മുഖ്യകാരത്തിലാണ് ചടങ്ങുകൾ നടത്താൻ ആരംഭിച്ചത്. നവരാക്കൽ കൊട്ടാരം ഉണ്ടായിരുന്ന സമയത്ത് ചില പൂജാതി ഹാവനങ്ങൾക്ക് പുതുമന ഇല്ലാത്ത തിരുമേനിമാരെയും പൂരാടം പിറന്ന ദേവനാരായണൻ വിളിച്ചു വരുത്തിയിരുന്നു. പുതുമന ഇല്ലക്കാരുടെ മൂല കുടുംബവും എന്ന ഹരിപ്പാടിന് വടക്ക് ഭാഗത്തുള്ള ആയാപറമ്പിൽ ആയിരുന്നു. പുതുമനയുമായുള്ള സൗഹൃദം ദൃഢപ്പെടുത്താൻ ആയി രാജാവിന്റെ ക്ഷണപ്രകാരമാണ് അവർ അമ്പലപ്പുഴയിലേക്ക് താമസം മാറ്റിയത്. ആയാപറമ്പിൽ പുതുമന എന്ന പേരിൽ ഒരു ഇല്ലവും ഈ ഇല്ലത്തിന്റെ മുന്നിൽ എന്ന് വിളിക്കപ്പെടുന്ന ബസ് സ്റ്റോപ്പുമുണ്ട്. ആയാപറമ്പിൽ അമ്പലപ്പുഴ കുരുമന ഇല്ലം വക പുരയിടങ്ങൾ ഇന്നുമുണ്ട്.

പൂജ മണ്ഡപത്തിലേക്ക് വിഗ്രഹം എത്തിച്ചപ്പോൾ തന്നെ അവിടെ ഉണ്ടായിരുന്ന താന്ത്രിമുഖ്യനായ പുതുമന തിരുമേനി ഈ വിഗ്രഹം പ്രതിഷ്ഠയോഗ്യം അല്ല എന്ന് സദസ്സിനെ അറിയിക്കുകയായിരുന്നു. ഇത് കേട്ട് ഉടൻ തന്നെ ചടങ്ങിന് എത്തിയവരെല്ലാം സപ്തരായി എന്ന് മാത്രമല്ല നല്ലൊരു ചടങ്ങ് നടക്കാൻ പോകുമ്പോൾ ഈ പ്രസ്താവന

അനവസരത്തിൽ ഉള്ളതാണെന്ന് വിചാരിച്ചു പുതുമന അല്പം പരിഭവത്തോടെ നോക്കുകയും ചെയ്തു. സദസ്സ് ആകെ നിശബ്ദമായിത്തീർന്നു.

നാഴികകൾ നീണ്ട നിശബ്ദത വഞ്ചിച്ചത് കൊടിയക്കോൽ ഇല്ലാത്ത വലിയ തിരുമേനി തന്നെ ഈ വിഗ്രഹം യഥാവിധി കണ്ടെത്തിയ ശിലയിൽ നിർമ്മാണവേലയിൽ ശിർപ്പി നിഷ്കർഷിച്ചിട്ടുള്ള പ്രധാന സ്ഥാനങ്ങളിൽ ആയിരുന്നു എന്ന് പ്രതിഷ്ഠിക്കുന്നതിന് യോഗ്യമാണെന്നും പറഞ്ഞു മറിച്ച് തെളിയിച്ചാൽ ഈ ക്ഷേത്രത്തിലെ പകുതി തന്ത്രം വിട്ടു നൽകമെന്നും കൊടിയാക്കൾ പുതുമനയെ വെല്ലുവിളിക്കുകയും ചെയ്തു ഇത് കേൾക്കേണ്ട താമസം പുതുമന അവിടെ ഉണ്ടായിരുന്ന പൂജാവാതനങ്ങളിലെ കിണ്ടിയുടെ നാട് കൊണ്ട് വിഗ്രഹത്തിന്റെ വയറുഭാഗത്ത് ഒരു തട്ടു കൊടുത്തു. ഒരു കുമിള പൊട്ടുന്നതുപോലെ ആ ഭാഗം പൊട്ടിപ്പോവുകയും പൊട്ടി ഉണ്ടായ ചുഴിയിൽ നിന്ന് ഒരു തവണ പുറത്തേക്ക് ചാടുകയും ചുഴിയിൽ നിന്ന് കുറച്ചു വെള്ളം പുറത്തു വരികയും ചെയ്തു അതോടെ പ്രതിഷ്ഠ മുടങ്ങും എന്ന് ഉറപ്പായതിനാൽ ചടങ്ങിന് വന്നവരെല്ലാം നിരാശരായി. വാഗ്ദാനം ചെയ്തപോലെ അന്നുമുതൽ അമ്പലപ്പുഴ ക്ഷേത്രത്തിലെ താന്ത്രിക അവകാശങ്ങളുടെ പകുതി കൂടിയപ്പോൾ പുതുമനയ്ക്ക് വിട്ടു നൽകുകയും ചെയ്തു.

നിശ്ചയിച്ചു ഉറപ്പിച്ച ചടങ്ങ് മുടങ്ങിയതിൽ രാജാവും പരിഹാരങ്ങളും ഭക്തരും എല്ലാം ദുഃഖിതനായി രാജാവിനും നാട്ടുകാർക്കും ശുഭ ചടങ്ങിനുണ്ടായ വിഘ്നം എന്തൊക്കെയോ അപകടം ഉണ്ടാകാനുള്ള സൂചനയാണെന്ന് തോന്നലുണ്ടായി രാജാവ് ജ്യോതിഷ പണ്ഡിതന്മാരുടെയും വില്യമംഗലം സ്വാമിയാരുടെയും ഉപദേശം തേടുകയും ചെയ്തു ആശങ്കപ്പെടേണ്ടതില്ലെന്നും ദൈവാധീന കുറവുകൾ ഒന്നും കാണുന്നില്ല എന്നും പ്രതിഷ്ഠ ചടങ്ങുകൾ കൃത്യസമയത്ത് നടത്താൻ സാധിക്കും എന്നും ജോതിഷ പണ്ഡിതൻ ഉറപ്പുനൽ വില്ലിമംഗലം ആകട്ടെ സന്താനഗോപാല കഥ സംഭവത്തിനുശേഷം ഭഗവാൻ സ്വയം പണിയിപ്പിച്ച് മൂന്ന് വിഗ്രഹങ്ങൾ അർജുനനെ ഏൽപ്പിച്ചു എന്നും അവിയൽ രണ്ടെണ്ണം ഗുരുവായൂരിലും

തൃപ്പൂണിത്തുറ യിലുമാണ് പ്രതിഷ്ഠിച്ചിരിക്കുന്നത് എന്നും മൂന്നാമത്തെ വിഗ്രഹം കുറിച്ചി ക്ഷേത്രത്തിലാണെന്നും ആ വിഗ്രഹം കിട്ടുന്ന പക്ഷം ഏറ്റവും ശുഭകരമായിരിക്കും എന്നും അറിയിച്ചു. പുതിയ ഒരു വിഗ്രഹം പണിയിച്ചെടുക്കാൻ ശ്രമിച്ചാൽ മുഹൂർത്തം മറ്റൊരു ദിവസത്തേക്ക് മാറ്റേണ്ടിവരും എന്നതിനാൽ മാതൃകയുമായി രാജാവ് ചർച്ച ചെയ്തപ്പോൾ നിത്യപൂജ നടക്കുന്ന ക്ഷേത്രങ്ങളിൽ എവിടെയെങ്കിലും അനുയോജ്യമായ വിഗ്രഹം പ്രതിഷ്ഠയ്ക്കായി നിശ്ചയിക്കപ്പെട്ട മുഹൂർത്തത്തിന് മുൻപായി ലഭിക്കുന്ന ഭക്ഷണം മറ്റു വലിയ ചടങ്ങുകൾ ഒന്നുമില്ലാതെ വ്യത്യസ്ത നടത്താമെന്ന് പരിഹാരമായി കണ്ടെത്തി. പിന്നെ ആ വഴിക്കായി ചിന്തയും അന്വേഷണങ്ങളും. വിശ്വസ്തരായ പലരെയും ഓരോ ഭാഗത്തേക്ക് വിഗ്രഹാന്വേഷണ ദൗത്യവുമായി രാജാവ് വിട്ടു.

തിരുവൻമണ്ടൂർ ക്ഷേത്രവുമായി ഇതുമായി ബന്ധപ്പെട്ട് ഒരു ഐതിഹ്യമുണ്ട് അവിടുത്തെ ഗോശാല വൃഷ്ണ വിഗ്രഹം ഏത് സമയത്തും അമ്പലപ്പുഴയിൽ നിന്നെത്തുന്ന ഭടന്മാർ തട്ടിയെടുക്കും എന്ന ഭയത്താൽ അവിടുത്തെ മേൽശാന്തി വിഗ്രഹവുമായി ക്ഷേത്രക്കുളത്തിൽ ഇറങ്ങുകയും ജലസമാധി പ്രഖ്യാപിച്ചു എന്നുമാണ് ആ കഥ. പിന്നീട് ഈ കാര്യങ്ങൾ എല്ലാം അവിടുത്തെ ഒരു ഭക്തന് പത്തറുപത് കൊല്ലം മുമ്പ് സ്വപ്നത്തിൽ വെളിപ്പെടുകയും അത് നാട്ടിലെ പ്രമാണിമാരോടും ഭക്തജനങ്ങളെയും അറിയിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആ വിഗ്രഹം വീണ്ടെടുത്ത് പ്രതിഷ്ഠിച്ചതാണ് ഇന്നത്തെ തിരുവൻവണ്ടൂർ ഗോശാല ശ്രീകൃഷ്ണസ്വാമി ക്ഷേത്രം. അമ്പലപ്പുഴയിലേക്ക് വണ്ടി വിഗ്രഹാന്വേഷണത്തിന് ഇറങ്ങിയ ഒരാൾ കുറിച്ചത് പടിഞ്ഞാറ് ഭാഗത്ത് കരിക്കോളം എന്ന ക്ഷേത്രത്തിലെത്തുകയും അവിടുത്തെ വിഗ്രഹം പാർത്ഥസാരഥി സങ്കല്പത്തിൽ ഉള്ള കൃഷ്ണനാണെന്നും നേരത്തെ പണിയിച്ചിരുന്ന വിഗ്രഹത്തിന്റെ ഒക്കെ വലിപ്പം ഉണ്ടെന്നും രാജാവിനെ അറിയിക്കുകയും ചെയ്തു. തുടർന്ന് രാജാവ് അവിടത്തെ വിഗ്രഹം കൈക്കലാക്കുന്നതിന് ചതുർവിധ ഉപായങ്ങൾ ഉപയോഗിക്കാനുള്ള അധികാരം നൽകി ക്ഷേത്രം

നിർമ്മാണ കാര്യങ്ങൾക്ക് ചുമതലമുണ്ടായിരുന്ന മന്ത്രി പാറയിൽ മേനോനെ തന്നെ കുറിച്ചിക്ക് വിട്ടു.

പാറയിൽ മേനോൻ കുറിച്ചിയിലെത്തി വിവരങ്ങൾ അന്വേഷിച്ചതിൽ ക്ഷേത്രത്തിന്റെ ഊരാളൻ വലിയ മഠത്തിൽ പണിക്കാരനാണെന്ന് ക്ഷേത്രത്തിൽ വരുന്ന ഭക്തജനങ്ങളുടെ എണ്ണം കുറവാണെന്നും നിത്യനിധാന ചിലവുകൾ തന്നെ നടത്താൻ പ്രയാസമായി അവസ്ഥയിലാണ് എന്നും അറിയാൻ കഴിഞ്ഞു. പിന്നെ കൂടുതലായി ഒന്നും ആലോചിക്കാതെ ക്ഷേത്ര ഊരാളിനും അവിടുത്തെ പ്രധാന നായർ പ്രമാണിയുമായ വലിയ മഠത്തിൽ പണിക്കാരെ കണ്ട് അമ്പലപ്പുഴയിൽ വലിയ മംഗലത്തിന് ഉണ്ടായ ദർശനത്തിന്റെ കാര്യവും അനുസരിച്ച് കാണുക മഹാക്ഷേത്രത്തിന്റെ കാര്യവും പ്രതിഷ്ഠ ചടങ്ങുകൾക്ക് വിഘ്നം വന്ന കാര്യങ്ങളും എല്ലാം വിശദമായി പറഞ്ഞു കേൾപ്പിച്ചു. കൂട്ടത്തിൽ ഈ നാടിനു ഉണ്ടായിട്ടുള്ള പ്രതിസന്ധിക്ക് പരിഹാരമായി ചെയ്യാവുന്ന ഒരേയൊരു കാര്യം ഇവിടുത്തെ വിഗ്രഹം തങ്ങൾക്ക് തന്നു വിടുകയോ ബലംപ്രയോഗിച്ചു കൊണ്ടുപോവുകയോ ചെയ്യുക എന്നതുമാത്രമാണെന്ന് പണിക്കാരെ ബോധ്യപ്പെടുത്തി. പണിക്കാർ ആകട്ടെ കുറിച്ചിയടങ്ങുന്ന രാജ്യം ഭരിച്ചിരുന്ന തെക്കുംകൂർ രാജാ വുമായി അല്പം നീരസത്തിലും ആയിരുന്നു സന്തോഷപൂർവ്വം വിഗ്രഹം വിട്ടു തന്നാൽ തക്കതായ സ്ഥാനമാനങ്ങൾ നൽകുവാൻ രാജാവ് തയ്യാറാണെന്ന് അറിയിച്ച ദൈവനാരായണന്റെ ദൈവഭക്തിയും പ്രജാ ക്ഷേമ താൽപര്യങ്ങളും വ്യക്തി വൈശിഷ്ട്യങ്ങളും എല്ലാം അക്കമിട്ട് നിരത്തി. പാറയിൽ മേനോൻ പണിക്കാരെ വിശ്വാസത്തിൽ എടുത്തു ബലം പ്രയോഗിച്ച് വിഗ്രഹം കയക്കൽ ആക്കുക എന്നത് ചെമ്പകശ്ശേരിയും ആയി അത്ര നല്ല ബന്ധത്തിലല്ലായിരുന്നു രാജ്യത്തെ ക്ഷേത്രത്തിൽ നിന്നും അത്ര എളുപ്പമല്ലായിരുന്നു. അത് ഒരു യുദ്ധത്തിലൂടെ മാത്രമേ സാധിക്കുകയുള്ളൂ എന്ന് ഉറപ്പായിരുന്നു. ആ ഭാഗത്ത് ചെന്ന് തെക്കും ആയി യുദ്ധം ചെയ്ത വിഗ്രഹം കൈക്കലാക്കുന്നതിന് ശക്തമായ നാവികപ്പടയുടെയും കാലാൾപടയുടെയും പിൻബലം ഉണ്ടായിരുന്ന ചെമ്പകശ്ശേരിക്ക് അനായാസമായിരുന്നു. പക്ഷേ ഒരു യുദ്ധം ആകുമ്പോൾ എത്രകാലം

കൊണ്ട് അവസാനിപ്പിക്കുമെന്ന് മുൻകൂട്ടി ആർക്കും നിർണയിക്കാനാവില്ലല്ലോ. മുൻ നിശ്ചയിച്ച പ്രതിഷ്ഠാ മുഹൂർത്തത്തിന് മുൻപ് വിഗ്രഹം കൈവശപ്പെടുത്തി അമ്പലപ്പുഴയിൽ എത്തിക്കാനുള്ള സാധ്യത വിരളമാണ് ഇനി വിഗ്രഹം എടുത്തുകൊണ്ടുപോയാൽ ഉണ്ടാകുന്ന ദുഷ്ട ക്ഷേത്രം ഉള്ളിടത്തോളം കാലം പേറേണ്ടി വരികയും ചെയ്യും. ദേവനാരായണൻ മാർക്ക് അതിലേറെ യാശോഭം ഉണ്ടാവും. വലിയ മഠത്തിൽ പണിക്കാരെ അനുനയിപ്പിക്കുന്നതിലേക്ക് തന്നെ കാര്യങ്ങൾ എത്തിച്ചേർന്നു. വലിയ മഠത്തിൽ പണിക്കാർ അവസാനം ഒരു നാടിന്റെ വിളി കേട്ട് ഒരു പ്രതിഷ്ഠാച്ചടക്കം മുടങ്ങാതിരിക്കാൻ സമ്മതം മൂളി.

പിന്നീട് എത്രയും പെട്ടെന്ന് വിഗ്രഹം അമ്പലപ്പുഴയിൽ എത്തിക്കാനുള്ള തന്ത്രങ്ങൾ അതീവ രഹസ്യ സ്വഭാവത്തോടെയും പാളിച്ചകൾക്കിടയില്ലാതെയും ആവിഷ്കരിക്കപ്പെട്ടു. മിഥുനമാസത്തിലെ തൃക്കേട്ട ദിവസം ചെമ്പകശ്ശേരി അരയൻ അറുമുഖൻ ആണ്ടി അരയേണ്ട നേതൃത്വത്തിലുള്ള നാവിക പടയും അകമ്പടിയോടെ ചെമ്പകശ്ശേരി സംഘം കുറിച്ചിയിൽ എത്തി. അത്താഴപൂജ കഴിഞ്ഞ് ഉടൻ തന്നെ വലിയ മഠത്തിൽ പണിക്കാരെയും കുടുംബാംഗങ്ങളെയും അവരുടെ ജംഗമവസ്തുക്കളോടൊപ്പം സഞ്ചികളിൽ കയറ്റി പിന്നീട് വിഗ്രഹവും വെള്ളത്തിൽ കയറ്റി എന്ന് ഉറപ്പാക്കിയ ശേഷം പെരുമ്പാറ മുഴക്കിയും വെടിയോച്ച് കേൾപ്പിച്ചു ഉണർത്തുകയും ചെയ്തു. വിഗ്രഹം അമ്പലപ്പുഴയിലേക്ക് കൊണ്ടുപോവുകയാണെന്ന് ഉറക്കെ പറഞ്ഞുകൊണ്ട് വള്ളങ്ങളെല്ലാം ദ്രുത വേഗത്തിൽ ആകാശത്ത് സാക്ഷിയാക്കി വള്ളത്തിൽ കൊളുത്തിവച്ചു. ബന്ധങ്ങളുടെ വെളിച്ചത്തിൽ വാർത്ത സാരഥി വിഗ്രഹവും എടുത്തു കൊണ്ട് കുറുപ്പന്മാരും കഴുകന്മാരും അടങ്ങുന്ന അനുസര സംഘത്തെയും വഹിച്ചുകൊണ്ട് അമ്പലപ്പുഴ സൈന്യം പുറപ്പെട്ടു. ഉറക്കം എഴുന്നേറ്റ് വന്ന് തെക്കുംപൂർ ഭടന്മാർക്ക് ഇതെല്ലാം കണ്ടുനിൽക്കാൻ കഴിഞ്ഞുള്ളൂ കാരണം അപ്പോഴേക്കും ജലരാജാക്കന്മാർ വെള്ളപ്പാടുകൾ പിന്നിട്ട് കഴിഞ്ഞിരുന്നു.

## വിഗ്രഹ പ്രതിഷ്ഠ

പിറ്റേ ദിവസം രാവിലെ ചമ്പക്കുളത്ത് ഇറക്കി പ്രഭാതഭോജയെ മറ്റും കഴിഞ്ഞ് ഉച്ചയ്ക്ക് ശേഷം മൂലക്കാഴ്ചയുടെ വൈകുന്നേരം വിഗ്രഹം അമ്പലപ്പുഴയിൽ എത്തിച്ചു. പൂരാടം ഉത്രാടം ദിനങ്ങളിലായി പ്രതിഷ്ഠ സംബന്ധമായ മറ്റു ചടങ്ങുകൾക്കു ശേഷം കൊല്ലവർഷം 789 ലെ 164 എഡി മിഥുന മാസത്തിലെ തിരുവോണ ദിനത്തിൽ അവിടുത്തെ മുൻ നിശ്ചയം പോലെ തന്നെ വിഗ്രഹപ്രതിഷ്ഠ നടന്നു.

## ക്ഷേത്ര ഉപദേവതകൾ

അമ്പലത്തിനുള്ളിൽ മുളയറ ഭഗവതിയുടെയും പ്രദക്ഷിണ വഴിയിൽ ശിവന്റെയും ഗണപതിയുടെയും ഉപക്ഷേത്രങ്ങൾ ആണുള്ളത്. ഗുരുവായൂരപ്പന്റെ അമ്പലപ്പുഴ മാസത്തിനിടയിൽ വിഗ്രഹം പ്രതിഷ്ഠിച്ചിരുന്ന ശ്രീകോവിൽ എന്ന ഒരു പ്രാധാന്യത്തോടെ തന്നെ പരിലസിക്കുന്നു. ക്ഷേത്രവുമായി ബന്ധപ്പെട്ട് തെക്കേ നടയിൽ ഒരു സർപ്പക്കാവുമുണ്ട്.

ദ്വാരക സദൃശ്യങ്ങളായ മാളികങ്ങളും കൽപ്പടവുകളും മേൽ പുരകളും ഒക്കെയുള്ള കുളങ്ങളും കരിങ്കല്ലുകൊണ്ട് പണിത കിണറും ഒക്കെ അമ്പലപ്പുഴ ക്ഷേത്രത്തിന്റെ പ്രത്യേകതകളാണ്. തന്ത്രി മാളിക ഭട്ടതിരി മാളിക മുരിങ്ങ മട ന** ശാന്തിക്കാരുമകളും മാളിക ഉടുത്തു കെട്ട് മാളിക കളപ്പുര മാളിക എല്ലാം ഓരോരോ ഉപയോഗത്തിനായി പണിയിപ്പിച്ചിട്ടുള്ളതാണ്. തൃക്കൈകളും നീരാളി നീരാളിക്കുളം ചെറുപുത്തൻകുളം എന്നിവ ഇവിടുത്തെ ജലസംഭരണങ്ങളാണ്. നിർഭാഗ്യവശാൽ പുത്തൻകുളം പാത്രം തീപ്പുകളും പുറത്തകിടി കുളം എന്നിവ നികന്നു പോയി. തൃക്കരി കുളത്തിന്റെ വടക്കു പടിഞ്ഞാറ് മൂലയ്ക്കായി കൊക്കര എന്ന പേരിൽ നാലുവശത്തും കല്ല് കിട്ടിയ ഒരു വലിയ ജലാശയവും ഇവിടെയുണ്ടായിരുന്നു. പാത്രം കഴുകുന്നതിനും മറ്റും ഇതിലെ വെള്ളം ഉരുള തടി കപ്പിയായി ഉപയോഗിച്ച് കോരിയെടുക്കാറുണ്ടായിരുന്നു. ക്ഷേത്രക്കുളത്തിനേക്കാൾ കൂടുതൽ

ഉണ്ടായിരുന്നതിനാൽ കുളം വറ്റിയാലും ഇവിടെ ജല ദൗർലഭ്യം ഉണ്ടാവില്ല. കുളം വറ്റിക്കുമ്പോൾ മത്സ്യങ്ങളെ നീരുറവ വന്ന കുളം നിറയുന്നത് വരെ കൊക്കരയിലേക്ക് മാറ്റുമായിരുന്നു. മത്സ്യങ്ങൾക്ക് മുട്ടയിട്ട് കുഞ്ഞുങ്ങളെ വളർത്തുന്നതിന് സ്വിച്ചതും സുരക്ഷിതവും ആയിരുന്നു കൊക്കരണി.

മണിക്കിണർ, പാൽപ്പായസ തിടപ്പള്ളിക്കിണർ, വലിയ ഊട്ടുപുര കിണർ, ഹോമപുരക്കിണർ,ഗുരുവായൂർ കിണർ എന്നിവയിൽ നിന്നെല്ലാമുള്ള തെളിഞ്ഞതും ശുദ്ധവുമായ വെള്ളമാണ് ക്ഷേത്രാവശ്യത്തിനും ക്ഷേത്രത്തിൽ നടക്കുന്ന വിവാഹസദ്യ അന്നദാനം ആവശ്യങ്ങൾക്കായി ഉപയോഗിച്ചുവരുന്നത്.

# തിരുവുത്സവം

മീനമാസത്തിലെ തിരുവോണ ദിവസം ആറാട്ട് നടക്കത്തക്ക നിലയിൽ അത്തം നാൾ കൊടി കയറി പത്ത് ദിവസത്തെ ഉത്സവം ആണ് ഇവിടെ നടത്തി പോകുന്നത് കൊടിയേറ്റിന് 41 ദിവസം മുൻപ് നടക്കുന്ന ഉത്സവ വിളംബരം നടത്തുന്നതാണ് ആദ്യ ചടങ്ങ്. ഉത്സവത്തിന് മുന്നോടിയായി നാലമ്പലത്തിനും ശ്രീകോവിലിനുമായി കൊടിയേറ്റിനു മുൻപുള്ള മൂന്നു ദിവസങ്ങളിലായി വിവിധ വൈദിക താന്ത്രിക ചടങ്ങുകളും ശുദ്ധിക്രിയകളും മറ്റും നടക്കേണ്ടതുണ്ട്. ആദ്യത്തെ ദിവസം പ്രസാദശുദ്ധി ക്രിയകൾ, രക്ഷോഘ്ന ഹോമം, വാസ്തു ഹോമം, വാസ്തു കലശപൂജ, വാസ്തുബലി എന്നീ ചടങ്ങുകളാണ് നടത്തുക. രണ്ടാം ദിവസം ചതുശുദ്ധി, ധാരാ എന്നി വയും മൂന്നാം ദിവസം പഞ്ചകം, 25 കലശം, ശ്രീഭൂത എന്നീ ചടങ്ങുകളുമാണ് നടത്തേണ്ടത്. ഈ മൂന്ന് ദിവസങ്ങളിലും 10 ഉത്സവ ദിവസങ്ങളിലും തിരുവാഭര ണം ചാർത്തിയാണ് ദർശനം. കൊടിയേറ്റിന്റെ തലേദിവസം വൈകുന്നേരം നടക്കുന്ന വർണഭവും ഭക്തിനിർഭരവുമായ കൊടിക്കയർ സമർപ്പണ ഘോഷ യാത്ര അതിനവകാശപ്പെട്ട ചെമ്പകശ്ശേരി അരയന്റെ അഴിക്കകത്ത് കുടുംബ ത്തിൽ നിന്ന് ക്ഷേത്രത്തിലേക്ക് പുറപ്പെടുമ്പോഴാണ് ഉത്സവത്തെക്കുറിച്ച് നാട് അറിയുന്നത്. വേമ്പനാട് ഇല്ലത്തുനിന്നും അറിയിക്കുന്ന ശുഭ മുഹൂർത്ത ത്തിൽ കൊടിയേറ്റ് നടക്കും. ചടങ്ങുകൾ കൊടിമര ചുവട്ടിൽ ആരംഭിക്കു മ്പോൾ തന്നെ ആകാശത്ത് കൃഷ്ണപ്പരുന്തുകൾ വട്ടമിട്ടു പറക്കുന്നത് കാണാം.തൃക്കൊടിയേറ്റിനു ശേഷം ചെമ്പകശ്ശേരി രാജാവും ക്ഷേത്രത്തച്ഛൻ സ്ഥാനം നൽകി ആദരിച്ച വെട്ടിയതിനകം കുടുംബത്തിലെ കാരണവർ ആനകൊട്ടിലിൽ പ്രത്യേക വിളക്കുമൊ രുക്കും എല്ലാം വെച്ച് നാളികേരം ഉടച്ച് രാശി നോക്കി ഫലം പറയുന്ന ചടങ്ങും ഇവിടെ മാത്രമുള്ളതാണ്. പരുത്തിക്കൽ കൊല്ലശ്ശേരി മുണ്ടാളത്തിൽ സ്വർണ്ണാശ്ശേരി എന്നീ കുടുംബങ്ങളുടെ പ്രതിനിധി കളും കൂടെയുണ്ടാകും. അമ്പലപ്പുഴ ഉത്സവുമായി ബന്ധപ്പെട്ട എല്ലാ ആചാര ങ്ങളും സവർണ്ണ-വർണ്ണ ഭേദമില്ലാതെ ഉച്ചനഛിത്വങ്ങളില്ലാതെ ഈ നാട്ടിലെ എല്ലാ സമുദായക്കാർക്കുമായി വീതം വെച്ചു കൊടുത്തിരിക്കുക

യാണ്.രാജാവ് രണ്ടാം ഉത്സവം മുതൽ ഒമ്പതാം ഉത്സവം വരെ വൈകുന്നേരം കുളത്തിൽ വേലയും രാത്രിയിൽ സേവയ്ക്ക് ശേഷം തിരുമുമ്പിൽ വേലയും ഉണ്ടാകും രണ്ടാം ഉത്സവ ദിവസം രാത്രി അമ്പലപ്പുഴക്കരക്കാർ സംഘടിപ്പിക്കുന്ന ഗണപതി കോലം എഴുന്നള്ളത്തും മൂന്നാം ഉത്സവ ദിവസം രാത്രി കരയിൽ നിന്നുള്ള ഇരട്ട ഗരുഡനും പടയണിയും ക്ഷേത്രത്തിലെത്തും നാലാം ഉത്സവദിവസം ആമയിട്ടുകര ക്കാർ ക്ഷേത്രത്തിലേക്ക് പടയണി നടത്തും. പണ്ട് രണ്ടാം ഉത്സവ ദിവസം മുതൽ ഒൻപതാം ഉത്സവം വരെ എട്ടു കരക്കാരുടെ വേലയും എട്ടുക്കാരുടെ പടയണി നടത്തിയിരുന്നു അതാത് സ്ഥലത്തെ പ്രവർത്തി യാർമാർ വേലകളിലെ എത്തി ഇതിനെല്ലാം നേതൃത്വം നൽകിയിരുന്നു രണ്ടു മുതൽ ഒൻപത് വരെ ഉത്സവ ദിവസങ്ങളിൽ ഓരോ കരയിൽ നിന്നും നടത്താൻ ഉണ്ടായിരുന്നു. വിവരം ചുവടെ ചേർക്കുന്നു മുകളിൽ എടുത്തു പറഞ്ഞത് മാത്രമാണ് ഇപ്പോൾ നടക്കുന്നത് താഴെ പറയുന്ന രീതിയിൽ ഒന്നും ഇപ്പോൾ നടക്കുന്നില്ല.

അമ്പലപ്പുഴ ഉത്സവം ആറാട്ട് ദിവസം രാത്രി മുതൽ ക്ഷേത്ര ഗണത്തിലുള്ള ജനങ്ങളും സർവ്വ ജീവജാലങ്ങളും ഓരോ മൺതരികളും ആറാട്ട് മഹോത്സവം ഗംഭീരമാക്കാൻ അവരവരുടെ ഭാഗം ചെയ്യേണ്ടതായ മുൻകരു തലും തയ്യാറെടുപ്പും നടത്തുന്നു രാവിലെ ജീവനക്കാർ തളക്കിലും ആനപ്പന്തലും എല്ലാം കഴുകി വൃത്തിയാക്കുന്നു. എഴുന്നള്ളി പ്പിന്റെ കൂടെ കൊണ്ടു പോകേണ്ട സാമഗ്രികൾ സ്വരൂ കൂട്ടുന്നു. തന്ത്രി മുതൽ വാര്യർ വരെയും. A.O മുതൽ വാച്ചർ, പാർട്ടൈം, സ്വീപ്പർമാർ, വരെയുമുള്ള ദേവസ്വം ജീവനക്കാർ എന്നിവരുടെ എല്ലാം മനസ്സിലും വലുപ്പച്ചെറുപ്പം ഇല്ലാതെ ഓരേ ലക്ഷ്യം മാത്രമാണ് അത് ആറാട്ടും തിരിച്ചെഴുന്നള്ളത്തും അകത്ത് എത്തുന്നതുവരെയുള്ള ചടങ്ങുകൾ കൃത്യമായി വീഴ്ച കൂടാതെ നടത്തുക എന്നതാണ്. ആർപ്പുവിളിച്ച് കുരവയിട്ടു ഭഗവാനെ ആനപ്പുറത്തേക്ക് എഴുന്നള്ളിക്കുമ്പോൾ അവിടെ കൂടി ഭക്തജനങ്ങളുടെ കണ്ണുകൾ ഭക്തിയാൽ ആനന്ദത്താൽ നിറയുന്നത് കാണാം. അതിലുപരിയായി ഭക്തി സാന്ദ്രമാർന്ന ചടങ്ങു കളിൽ പങ്കെടുത്ത ആത്മപുളകം അണയാൻ നമ്മെപ്പോലെയുള്ള ഭക്ത ജനങ്ങൾ സ്വന്തമായുസ്സിൽ ഒരു വർഷം കുറഞ്ഞു എന്ന് സത്യം

മനസ്സിലാക്കിക്കൊണ്ടുതന്നെ അടുത്ത വർഷത്തെ ആറാട്ടിന് ഇതേ ഭക്തി സന്തോഷംനിർഭരതയോടെ പങ്കെടുക്കുവാൻ അവസരം ലഭിക്കണമെന്ന് പ്രാർത്ഥിച്ചു കൊണ്ട് ആറാട്ടിനുള്ള ഒരുക്കങ്ങൾ, ആറാട്ട് പുറപ്പാട് എന്നിവ നിരീക്ഷിച്ചുകൊണ്ട് ഭക്തിയിൽ ആറാടി നിൽക്കുന്നുണ്ടാവും. ഭക്തിയിൽ ലയിക്കാൻ കിട്ടുന്ന അവസരം ജീവിതത്തിലെ ഏറ്റവും ധന്യമായ നിമിഷങ്ങൾ പൂർവ്വജന്മ സാഫല്യത്താലാണ് ഇതിനൊക്കെ ഭാഗ്യം ഉണ്ടായ തെന്ന് തോന്നൽ ഓരോ ഭക്തരിൽ ഉളവാകുന്നു ഉത്സവം എന്ന വാക്കിന്റെ അർത്ഥം മുകളിലേക്കുള്ള ഒഴുക്ക് എന്നാണ്. മനസ്സ് സന്തോഷം കൊണ്ടും ഭക്തികൊണ്ടും തിങ്ങി നിറഞ്ഞൊഴുകുന്ന ഉത്സവം ആദ്യം നമ്മെ പോലെയുള്ള ഭക്തന് അതിനുശേഷം ഭഗവാന് ഇരട്ടക്കുളങ്ങര ശിവക്ഷേത്ര ത്തിൽ ആറാട്ട് കഴിഞ്ഞ് രാത്രി 9 മണിയോടെ തിരികെ എഴുന്നള്ളത്ത് തുടങ്ങും കച്ചേരിമുക്ക്, കെ.എസ്.എസ് 82-ാം ശാഖ, മൂടാമ്പാടി, മല്ലശ്ശേരി ക്ഷേത്രം, എൻഎസ്എസ് 1642 കരയോഗ മന്ദിരം, പുത്തൻകുളങ്ങര എന്നിവിട ങ്ങളിൽ ഭക്തിനിർഭരമായ സ്വീകരണത്തിനു ശേഷം ക്ഷേത്രത്തിൽ കയറുന്നു.മൂന്നുവലം വെച്ചശേഷം വലിയ കാണിക്ക കൊടിയേറ്റിൽ നിന്ന് ആ വാഹനം വെടിക്കെട്ട് എന്നിവ നടക്കും ആറാട്ട് തിരികെ എഴുന്നള്ളത്ത് ക്ഷേത്രത്തിൽ എത്തിയതി നുശേഷം ആറാട്ട് ദിവസത്തെ ദീവാരാധനയും അത്താഴപൂജയും മറ്റും നടത്തുന്നത്.

# തൃക്കൊടിയേറ്റ്

ശീവേലി കഴിഞ്ഞതിനുശേഷം അമ്പലത്തിലെ തെക്കേ ഘോഷാൽ ഗണപതി പൂജയുടെ ചടങ്ങുകളോട് ആണ് ചടങ്ങുകൾ (കൊടിയേറ്റിന്റെ) ആരംഭിക്കുന്നത് ഗണപതി പൂജ നടത്തിയതിനുശേഷം ഉത്സവം തുടങ്ങുന്ന ദിവസങ്ങളിൽ എടുക്കുന്ന കോയ്മപ്പടി മേൽശാന്തി നടയിൽ (ശ്രീ കോവിൽ) കൊണ്ട് ചെന്ന് പൂജിക്കും അതിനുശേഷം കോയ്മസ്വാമി വലിയമഠം പണിക്കർക്ക് മാറ്റം ചെയ്തു പിന്നീട് വാദ്യ പൂജയും അതിനു ശേഷം കൊടി ശ്രീകോവിലേക്ക് പൂജയ് കൊണ്ടുപോകുന്നു. അങ്ങനെ കൊണ്ട് പൂജിക്കുന്ന കൊടി ദേവചൈതന്യം ആവാഹിച്ച് കോയ്മയുടെ അനുവാദം മേടിച്ച് വാദ്യപരിരക്ഷയും നടത്തി പാണി കൊട്ടി കൊടിമര ച്ചുവട്ടിലേക്ക് (കൊടിമരത്തിലേക്ക്) കൊടി എഴുന്നള്ളിക്കുന്നു. പിന്നീട് തന്ത്രിക്ഷേത്രത്തിലെ കൊടിമരത്തിൽ കൊടിയേറ്റ് നടത്തുന്നു. അതിനുശേഷം അമ്പലപുഴ ക്ഷേത്രത്തിലെ തച്ചന്റെ കാർമികത്തിൽ നാളികേരം കൊടിമരച്ചുവട്ടിൽ ഉടച്ച് രാശി നോക്കുകയും ആ രാശി നോക്കി തച്ചൻ രാശിഫലം പ്രഖ്യാപിക്കുകയും ചെയ്യും വൈകിട്ടത്തെ ദീപാരാധനയ്ക്ക് മുന്നോടിയായി 8 ദിക്കിലും ദിക്ക് കൊടിയേറ്റ് നടത്തുകയും ചെയ്യുന്നു. ഇത്തരത്തിലാണ് അമ്പലപ്പുഴ അമ്പലത്തിലെ ഉത്സവത്തിൽ ഉള്ള തൃക്കൊടിയേറ്റ് നടത്തിപ്പോരുന്നത്.

# അമ്പലപ്പുഴ വേലകളി

ചെമ്പകശ്ശേരി രാജ്യം നിലവിൽ ഉണ്ടായിരുന്നപ്പോൾ അവിടുത്തെ രാജഭടന്മാർ ഉപയോഗിച്ചിരുന്ന ഔദ്യോഗിക വേഷം ആണ് ഇന്നത്തെ വേല കളിക്കാരുടെ വേഷം. ഓരോ വർഷവും രാജ്യത്തിന്റെ ആയുധ ങ്ങളുടെ ഭടന്മാരുടെ മെയ്യഭ്യാസപ്രകടനങ്ങളും ഭഗവാനെയും രാജാവി നെയും ബോധ്യപ്പെടുത്തുന്നതിലേക്കാണ് തിരുമുൻപിൽ വേല നടത്തു ന്നത്. സർവ്വസൈന്യാധിപനായ രാഷ്ട്രപതിയുടെ മുന്നിൽ റിപ്പബ്ലിക് ഡേ പരേഡ് നടത്തുന്നതു പോലെയാണെന്ന് പറയാം. ഇന്ന് സാംസ്കാരിക കേരളത്തിന്റെ പ്രതീകം എന്ന നിലയിൽ അന്യസംസ്ഥാനങ്ങളിൽ ഡൽഹി യിലെ റിപ്പബ്ലിക് ദിന പരേഡിലും ഒഴിച്ചുകൂടാൻ ആവാത്ത ഒരു കലാരൂപ മാണ് അമ്പലപ്പുഴ വേലകളി. കേരള സർക്കാർ സംഘടിപ്പിക്കുന്ന സാംസ്കാരിക ജാഥകളിലും മേളകളിലും എല്ലാം അമ്പലപ്പുഴ വേലകളി കേരളീയ സാംസ്കാരിക തനിമയുടെ പ്രതീകമായി പ്രദർശിപ്പിച്ചു കൊണ്ടി രിക്കുന്നു അമ്പലപ്പുഴ വേലകളിക്ക് എത്രമാത്രം ജനാഭിമുഖ്യം ഉണ്ടാക്കിയെ ടുത്തതിന് യസശരീരനായ മാത്തൂർ മോഹനൻ കുഞ്ഞ് പണിക്കർ നടത്തിയ ശ്രമങ്ങൾ എടുത്തു പറയേണ്ടവയാണ്. വേലകളി അഭ്യാസിക്കു ന്നതിന് ആഭിമുഖ്യമായും മാത്തൂർ വെള്ളൂർ കളരിയുമായി ബന്ധപ്പെട്ട കുടുംബങ്ങളിൽ നിന്ന് കുട്ടികൾ എത്തുന്നത് കുറവായിരുന്നതിനാൽ വേലകളിക്കാരുടെ എണ്ണം കുറഞ്ഞ് വന്നു കാലക്രമേണ വേലകളി ക്ഷേത്ര ചടങ്ങുകളിൽ നാമമാത്രമായി തീരുമോ എന്ന ആശങ്ക നിലവിൽ ഉണ്ടായിരുന്നു ഇതെല്ലാം മുൻകൂട്ടി കണ്ടു ശ്രീ മോഹൻകുഞ്ഞ് പണിക്കർ നാനാ ജാതിയിൽപെട്ട കുട്ടികളെയും വേലകളി മാത്തൂർ ഭവനത്തിലേക്ക് ക്ഷണിച്ചു. അവരെ സന്തോഷം വേലകളി പഠിപ്പിച്ചു യാതൊരു ഫീസ് ഈടാക്കിയില്ല എന്ന് മാത്രമല്ല അഭ്യാസമെല്ലാം കഴിയുമ്പോൾ കുട്ടികൾക്ക് ചായയോ ലഘു ഭക്ഷണമൊക്കെ നൽകു കയും ചെയ്തിരുന്നു. കൂടുതൽ കുട്ടികളെ വിളിച്ചുകൊണ്ടുവരാൻ ഈ വിദ്യാർത്ഥികൾ മുഖേന ആഹ്വാനവും നടത്തി. ഇന്ന് അമ്പലപ്പുഴയിലെ ഓരോ വീട്ടിലും ആൺകുട്ടികൾ വളർന്നു വരുന്നതിനനുസരിച്ച് രക്ഷകർത്താക്കൾ അവരെ വേലകളി പഠിപ്പിക്കുവാൻ രാജീവ് പണിക്കരുടെ

കളരിയിലേക്ക് വിടുന്നുണ്ട് ദേവസ്വം ബോർഡിൽ നിന്നും വേല കളികാർക്ക് കൊടുക്കുന്ന വേദന തുച്ഛമാണെങ്കിലും വേല കളിക്കാരുടെ എണ്ണം ഓരോ വർഷം കഴിയുമ്പോൾ കൂടി കൂടി വരുന്നു ശ്രീ മോഹൻകുഞ്ഞു പണിക്കർ തുടങ്ങിവച്ച നിഷ്കാര കർമ്മത്തിന്റെ ഫലംകൊണ്ടും ശ്രീരാജ് പണിക്കർ അതേ പ്രവർത്തന ശൈലി തുടർന്നു വരുന്നു എന്നതു കൊണ്ടുമാണിത്.

ക്ഷേത്രത്തിൽ ഉത്സവത്തിനോട് അനുബന്ധിച്ച് നടക്കുന്ന പ്രധാന ചടങ്ങുകൾ ആണ്

- കുട വരവ്
- ഏഴാം ഉത്സവം
- നാടകശാല സദ്യയും സദ്യവട്ടങ്ങളും
- അമ്പനാട് പണിക്കരുടെ വരവ്
- ആറാട്ട്

**കുടവരവ്**

തകഴി ധർമ്മശാസ്താക്ഷേത്രത്തിൽ നിന്നും അമ്പലപ്പുഴ അമ്പലത്തിലെ ഏഴാം തിരുവുത്സവം നാളിലാണ് കുട വരുന്നത്. ഈ കുട ക്ഷേത്രത്തിലെ ഉത്സവ കുടയാണ് അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമിയുടെ ഉത്സവം കാണാൻ വേണ്ടി ശാസ്താവ് (ഹരിഹരപുത്രൻ) വരുന്നതായും തകഴിക്ഷേത്രത്തിൽ ഹരിഹരപുത്രൻ കലവറക്കാരൻ വേലതുള്ളാൻ വരുന്നതും തകഴി ധർമ്മശാസ്താ ക്ഷേത്രത്തിൽ നിന്നും ഇത്തരത്തിലെ (ശാസ്താവിന്റെ കലവറക്കാരൻ വേലതുള്ളാൻ) വരുന്നതായും രണ്ട് സങ്കല്പം ആണ് കുടവരവിനുള്ളതെന്ന് പറയപ്പെടുന്നു. ധർമ്മശാസ്താ ക്ഷേത്രത്തിൽ നിന്ന് വരുന്ന കുടവരവിന് വരുന്ന വഴിനീളെ ജനങ്ങൾ (ഭക്തർ) വിളക്കും, നിറപറയും, തോരണവും വെച്ച് വരവേൽക്കും കുടവരവിനെ ക്ഷേത്രത്തിലേക്ക് ആനയിക്കുന്നതിനായി വേലകളിക്കാരും കാണും. മേളക്കാരും പുതുപുരപ്പടിയിൽ ദേവസ്വം അധികൃതരും ഭക്തജനങ്ങളും ചേർന്ന് ക്ഷേത്രാങ്കണത്തിലേക്ക് ആനയിക്കുന്നതിനായി

കാത്തുനിൽക്കും. തകഴിയിൽ നിന്ന് വരുന്ന കുടയെ ഇവരെല്ലാവരും ചേർന്ന് ആനയിച്ച് ക്ഷേത്രത്തിലേക്ക് വരവേൽക്കും. കൂടാതെ കുടവരവിനെ വരവേൽക്കാൻ ഗജവീരന്മാരുടെ അകമ്പടിയും ചേർന്നാണ് കുടവരവ് ക്ഷേത്രത്തിൽ എത്തുന്നത്.

ഇതു കൂടാതെ ഒമ്പതാം (ലോകപ്രസിദ്ധമായ നാടകശാല സദ്യ) ഉത്സവ ദിവസം നാടകശാല സദ്യക്ക് വേണ്ടിയുള്ള ഒരു കുടവരവ് എട്ടാം തിരുവുത്സവ ദിവസം ഉച്ചകഴിഞ്ഞ് (വൈകിട്ട് ആഞ്ഞിലിക്കാവ് ക്ഷേത്രത്തിൽ) നിന്ന് ആണ് വരുന്നത് ഈ ആഞ്ഞിലിക്കാവിൽ നിന്ന് വരുന്ന കുടയാണ് ഒമ്പതാം തിരുവുത്സവത്തിലെ ലോകപ്രശസ്തമായ നാടകശാല സദ്യക്കുള്ള കുടവരവ് എന്ന് പറയുന്നത്.

## ഏഴാം തിരുവുത്സവം

അഞ്ചാനകളോട് കൂടിയാണ് ഏഴാം ഉത്സവം മുതലുള്ള എഴുന്നള്ളത്ത് നടത്തുന്നത്. എഴുന്നള്ളത്തിന് ഉപയോഗിക്കുന്നത് സ്വർണ്ണ കുടയും, വെള്ളികുടയും, ആറാട്ട് ചട്ടവും, ഒന്നാംതരം നെറ്റിപ്പട്ടവും, കൂടിയാണ് എഴുന്നള്ളത്ത് നടത്തുന്നത് ഏഴാം ഉത്സവ വൈകിട്ടു മുതൽ ഏറ്റുമാനൂർ ഏഴര പൊന്നാനയും സമാനമായ പറക്കമാണ് ചട്ടത്തിൽ ചാർത്തുന്നത് തിരുവുത്സവ നാളിലെ ഒരു പ്രധാനപ്പെട്ട ഉത്സവ ദിവസമാണ് ഏഴാം തിരുവുത്സവ ദിവസം.

# നാടകശാല സദ്യ

ആഞ്ഞിലിക്കാവ് ക്ഷേത്രത്തിൽ നിന്ന് വാദ്യഘോഷങ്ങളോടെ എട്ടാം തിരുവോത്സവം നാളിൽ വൈകിട്ട് കുടവരവോടുകൂടിയാണ് നാടകശാല സദ്യക്ക് തുടക്കം കുറിക്കുന്നത്. അന്നേദിവസം വൈകിട്ട് നാടകശാല സദ്യക്കുള്ള കറിക്കു വെട്ട് നടക്കാൻ തുടങ്ങും. മധുരമൂറുന്ന ഐതിഹ്യ ത്തിനെ ചൂണ്ടിക്കാണിക്കുന്നതാണ് നാടകശാല സദ്യ. നാടകശാല സദ്യ നടക്കുന്നത് ഒൻപതാം തിരുവുത്സവ നാളിലാണ് നാടകശാല സദ്യയുടെ ഐതിഹ്യം ഇപ്രകാരമാണ്.വില്വമംഗലത്ത് സ്വാമിയാർ (ഭക്തോത്തമനായ) ക്ഷേത്രദർശനത്തിനായി ഒരിക്കൽ നാലമ്പലത്തിൽ പ്രവേശിച്ചപ്പോൾ അവിടെ ശ്രീകൃഷ്ണ ഭഗവാനെ കാണാൻ സാധിച്ചില്ല ഭഗവാനെ കാണാതായതിൽ പരിഭ്രാന്തനായി വില്വമംഗലത്ത് സ്വാമിയാർ കൃഷ്ണ നെ തേടി നാല് ചുറ്റും നടന്നു അങ്ങനെ ആ അവസരത്തിൽ ക്ഷേത്ര ജീവനക്കാർക്കുള്ള സദ്യ നാടകശാലയിൽ നടക്കുകയായിരുന്നു. കൃഷ്ണനെ തിരഞ്ഞെത്തിയ സ്വാമിയാർ കൃഷ്മണഭഗവാൻ ഒരു കുട്ടി യുടെ വേഷത്തിൽ ജീവനക്കാർക്കുള്ള സദ്യക്ക് നെയ്യ് വിളമ്പുന്നത് കണ്ടു ഇത് കണ്ട് സ്വാമിയാർ കണ്ണാ എന്ന് വിളിച്ചു ഓടി ഭഗവാന്റെ അടുത്തേക്ക് ചെന്നെങ്കിലും ഭഗവാൻ അവിടുന്ന് മറഞ്ഞിരുന്നു. എന്നാൽ സ്വാമിയാർ കണ്ണനെ കണ്ട് എന്നറിഞ്ഞ ഭക്തർ സദ്യ ഉപേക്ഷിച്ചു മംഗലത്തിനൊപ്പം തന്നെ അന്വേഷിക്കാൻ തുടങ്ങി ഈ സ്മരണ നിലനിർത്തുന്നതിനാണ് ഇന്നും ഒമ്പതാം തിരുവോത്സവം നാളിൽ ഉച്ചയ്ക്ക് നാടകശാല സദ്യ നടത്തിവരുന്നത് ഇന്നും അമ്പലത്തിൽ നാടകശാല സദ്യ നടത്തി വരുമ്പോൾ കൃഷ്ണൻ അമ്പലത്തിന്റെ മുകളിൽ വന്നിരുന്നു നാടകശാല സദ്യ കണ്ട് ആസ്വദിക്കുന്നതായി ഭക്തർ വിശ്വസിച്ചുവരുന്നു.

## നാടകശാല സദ്യഘട്ടങ്ങൾ

- നാല്കൂട്ടം പ്രഥമൻ
- നാലുകുട്ടു ഉപ്പേരി

- അവിയൽ
- തോരൻ
- പച്ചടി
- കൂട്ടുകറി
- പരിപ്പ്
- സാമ്പാർ
- കാളൻ
- പാല്
- പഞ്ചസാര
- കൽക്കണ്ടം

തുടങ്ങിയ വിഭവങ്ങളാണ് സദ്യക്ക് നടത്തിപ്പോരുന്നത്. നാടകശാല സദ്യയ്ക്ക് തൂശൻ ഇല വരിവരിയായിട്ട് ഉച്ചയ്ക്ക് 12 മണിയോടെയാണ് സദ്യ വിളമ്പാൻ തുടങ്ങുന്നത്. അങ്ങനെ സദ്യ കഴിച്ചു തുടങ്ങി അത് കഴിച്ചു പകുതി ആകുമ്പോൾ സദ്യ കഴിച്ച ഭക്തർ കഴിച്ച ഇലയും എച്ചിലുമായി വഞ്ചിപ്പാട്ടോടുകൂടി അമ്പലപ്പുഴ പുത്തൻ കുളത്തിൽ കുളത്തിന്റെ കരയിൽ താളം ചവിട്ടി നീങ്ങും പിന്നീട് തിരിച്ചെത്തുന്ന ക്ഷേത്രസന്നിധിയിൽ പണക്കിഴിയും പഴുക്കുലയും ആചാരമായി നൽകി സ്വീകരിക്കും തുടർന്ന് അമ്പലക്കുളത്തിൽ നിന്ന് വായും കയ്യും കഴുകി ക്ഷേത്രദർശനം നടത്തുന്നതോടെ നാടകശാല സദ്യയുടെ ചടങ്ങുകൾക്ക് അവസാനമായി എന്നാണ് പറയപ്പെടുന്നത്.

**അമ്പനാട്ട് പണിക്കരുടെ വരവ്**

ആദരവുകൾ പ്രധാനപ്പെട്ടതാണ് അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ ഒൻപതാം ഉത്സവ ദിവസം വൈകുന്നേരം ക്ഷേത്രത്തിലേക്ക് അമ്പനാട് പണിക്കർക്ക് നൽകിവരുന്ന സ്വീകരണം ഈ സ്വീകരണത്തിനായി ഉച്ചയ്ക്ക് ശേഷം മൂന്നരമണിയോടെ അമ്പനാട് പണിക്കരുടെ കുടുംബ ഗൃഹത്തിൽ നിന്ന് പണിക്കരും സംഘവും ഘോഷ യാത്രയായി ക്ഷേത്രത്തിലേക്ക് പുറപ്പെടും. അമ്പനായിട്ട് പണിക്കരുടെ

കുടുംബദേവതയായ ശ്രീധർമ്മശാസ്താവിന് (അയ്യപ്പൻ) പ്രത്യേക പൂജയും അമ്പനാട്ട് കൃഷ്ണ ക്ഷേത്രത്തിലെ മറ്റു ഉപദേവതകൾക്കും പ്രത്യേക പൂജയും രാവിലെ തന്നെ തുടങ്ങും. അതിനായി ഒത്തുകൂടുന്ന കുടുംബാംഗങ്ങൾക്കും ബന്ധുമിത്രാദികൾക്കും ഉച്ചയ്ക്ക് സദ്യയുണ്ടാകും അമ്പനാട്ട് പണിക്കാർ ഇറങ്ങുന്നതിനു മുമ്പ് വീണ്ടും ശാസ്താവിനെയും മറ്റും വണങ്ങി പ്രാർത്ഥന നടത്തി കട്ടക്കുഴി ക്ഷേത്രത്തിലെ എത്തി ഭുവനേശ്വരി അമ്മയെയും തൊഴുതു വലം വച്ചാണ് ഭക്തിനിർഭരമായ ശോഭയാത്ര തുടങ്ങുന്നത്. ക്ഷേത്രത്തിലെ കാരണവർ (മരുമക്കത്തായ രീതിയിലാണ് തുടരുന്നത്) രാജാവ് സ്ഥാന ചിഹ്നമായി നൽകുന്ന വാളും കയ്യിലേന്തി രാജാവ് സ്വയം ആദ്യ ഉണ്ണി രവി പണിക്കർക്ക് അണിയിച്ചു കൊടുത്തതും തലമുറകൾ കൈമാറി വന്നതുമായ വലിയ കടുക്കനു മണിഞ്ഞ് (തോണ്ടിക്കടുക്കൻ എന്നു പറയാറുണ്ട്) കുടുംബത്തിലെ മറ്റ് അംഗങ്ങളെയും ഇളമുറക്കാരെയും സുഹൃത്തുക്കളെയും എല്ലാം കൂട്ടി ക്ഷേത്രത്തിലേക്ക് പോകുന്ന വർണ്ണശബളമായ ഘോഷയാത്രയ്ക്ക് അകമ്പടികൾ ഏറെയാണ് വാദ്യമേളങ്ങൾ ആർപ്പുവിളികൾ വായികുരവകൾ എന്നിവ ശ്രവണ മനോഹരമായി ആകമ്പടികൾ ആണ് .ഓലക്കുട മുത്തുകൂട, പൂത്താലം ഏന്തിയ ഗോപികമാർ രാജാവ് നൽകിയ വാൾ ഇന്ത്യ കൗമാരപ്രായക്കാരായ ആൺകുട്ടികൾ എന്നിങ്ങനെ ദൃശ്യ പ്രാധാന്യമുള്ള അകമ്പടികളും ചെമ്പകശ്ശേരി രാജാവ് പിന്നീട് തിരുവിതാംകൂർ രാജാക്കന്മാർ സ്വാതന്ത്ര്യനാന്തരം ദേവസ്വം ബോർഡും കൽപ്പിച്ചു നൽകിയ അവകാശങ്ങൾ വാങ്ങുന്നതിനായി പുറപ്പെടുന്ന അമ്പനാട് പണിക്കരുടെ യാത്ര വടക്കൻ കേരളത്തിലെ നാടുവാഴികളുടെ യാത്രകളെ ഓർമിപ്പിക്കുന്നത് തന്നെയാണ് ഓലക്കുട പ്രതിനിധാനം ചെയ്യുന്നത് അമ്പനാട് ഈ ദിവസം അമ്പനാട് അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമിയെ വണങ്ങാൻ എത്തുന്നു എന്നതാണ് അമ്പനാട് പണിക്കരുടെ ഐതിഹ്യം.

**ആറാട്ട്**

മീനമാസത്തിലെ അത്തം ദിവസം രാവിലെ ക്ഷേത്രത്തിൽ കോടിമരത്തിൽ കൊടിയേറ്റം നടത്തുന്നത് അത്തം നാൾ മുതൽ തിരുവോണം വരെയാണ് ക്ഷേത്ര ഉത്സവം നടക്കുന്നത് ഉത്സവത്തിന്റെ പത്താം ദിവസം രാവിലെ മുതൽ പൂജയും വഴിപാടുകളും കഴിഞ്ഞ്

പത്താം ദിവസം വൈകുന്നേരം ആറുമണിയോടെയാണ് എല്ലാ താന്ത്രിക ചടങ്ങുകളും കഴിഞ്ഞ് അമ്പലപ്പുഴ കണ്ണൻ ആറാട്ടിനു പുറപ്പെടുന്നത് അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ കൊടിയിറങ്ങിയതിനു ശേഷം മാത്രമാണ് ആറാട്ട് നടക്കുന്നത് അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ നിന്ന് അഞ്ചു ഗജവീരന്മാരുടെ അകമ്പടിയോടെയാണ് ആറാട്ട് മുങ്ങാനായി ഇരട്ടക്കുളങ്ങര മഹാദേവ ക്ഷേത്രത്തിലേക്ക് പോകുന്നത് ആറാട്ട് മുങ്ങി തിരിച്ചുവരുന്ന ഗജവീരന്മാർക്കും പാർത്ഥസാരഥി വരുന്ന നടപ്പാതയിൽ നിറപറയും വിളക്കും എല്ലാം നൽകി സ്വീകരിച്ചാണ് ആറാട്ടിന് ക്ഷേത്രാങ്കണത്തിലേക്ക് കയറ്റുന്നത്.

## പന്ത്രണ്ട് കളഭം

ഓരോ വർഷവും വിഗ്രഹത്തിന് ഉണ്ടാകാവുന്ന അശുദ്ധി മാറ്റുന്നതിനും ഭക്തന്മാരുടെ ദുരിതങ്ങളും കഷ്ടപ്പാടുകളും ഏറ്റുവാങ്ങി അവർക്ക് സന്തോഷം പ്രദാനം ചെയ്യുമ്പോൾ ഉണ്ടാകുന്ന ചൈതന്യ ക്ഷയവും മകരമാസം ഒന്നാം തീയതി മുതൽ പന്ത്രണ്ടാം തീയതി വരെ 12 ദിവസങ്ങളിലായി ആഘോഷിക്കുന്ന 12 കളഭ് മഹോത്സവത്തിൽ നടക്കുന്നത് ഉച്ചയ്ക്ക് നടക്കുന്ന കളഭാഭിഷേക ദർശനവും രാത്രി നടക്കുന്ന വിളക്കെഴുന്നള്ളിപ്പും വിളക്കാ ചാരവും മറ്റും കണ്ട് തൊഴാൻ മുറജപവും ലക്ഷദീപവും കണ്ടു തൊഴുന്ന ഫലം ലഭിക്കുമെന്ന് വിശ്വസിക്കപ്പെടുന്നു. ഒന്നാം കളഭ ദിവസം മുതൽ പന്ത്രണ്ടാം കളഭം വരെ നടക്കുന്ന കലാപരിപാടികൾക്ക് ശങ്കരനാരായണ കലോത്സവം എന്ന നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു.യശഃശ്ശരീരരായ അമ്പലപ്പുഴ സഹോദരിൽ ശ്രീ ശങ്കരനാരായണ പണിക്കരുടെ സ്മരണാർത്ഥമാണ് അമ്പലപ്പുഴ ക്ഷേത്രത്തിലെ ശങ്കരനാരായണ കലോത്സവം നടക്കുന്നത്. 12 ദിവസങ്ങളിലും വിവിധങ്ങളായ കലാപരിപാടികൾ ഭാരതത്തിൽ അങ്ങോളം ഇങ്ങോളം ഉള്ള പ്രഗൽഭന്മാർ അവതരിപ്പിക്കുന്നു. ആദ്യമായി കളഭ ദിവസങ്ങളിൽ കലാപരിപാടികൾ നടത്തിത്തുടങ്ങിയത്. അമ്പലപ്പുഴ സഹോദരി മാരാണ്. അത് ഏഴാം കളഭ ദിവസം മുതൽ ആയിരുന്നു പിന്നീട് കുഞ്ചാമണിയുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയാണ് ഒന്നാം

ദിവസം മുതൽ തന്നെ കലാപരിപാടികൾ വയ്ക്കാൻ തുടങ്ങിയതും ശങ്കരനാരായണ കലോത്സവം ഇത് നാമകരണം ചെയ്തതും.

ഓരോ കളഭ ദിവസങ്ങളിലെയും കലാപരിപാടികൾ ഓരോ വഴിപാടുകൾ സ്പോൺസർ ചെയ്താണ് നടക്കുന്നത് എല്ലാം കളഭ ദിവസങ്ങളിലും ഉച്ചയ്ക്കും ക്ഷേത്രത്തിൽ എത്തുന്ന എല്ലാവർക്കും അന്നദാനം നടക്കുന്നുണ്ട് കളഭ ദിവസങ്ങളിൽ നാലമ്പലം കിഴക്കേ ആനക്കൊട്ടിലും ഗണപതി നടയും മറ്റും അതിമനോഹരമായി നിറമാലകൾ കൊണ്ട് മറ്റും പുഷ്പാലങ്കാരങ്ങൾ നടത്താറുണ്ട് ഒന്നു കാണേണ്ടത് തന്നെയാണ് എല്ലാദിവസവും സന്ധ്യക്ക് ചുറ്റുവിളക്കും കമ്പം വിളക്കും കത്തിക്കാറുണ്ട് ചില കളഭ ദിവസങ്ങളിൽ ലക്ഷദീപ ദർശനവും വഴിപാടുകാർ ഏർപ്പാട് ചെയ്യുന്നുണ്ട്. അന്നേദിവസം ക്ഷേത്രത്തിലെ ധ്വജസ്തംഭത്തിനടുത്ത് ഗോപൂജയും ഗോശാലയിൽ ഗോവൂട്ടും നടത്തുന്നുണ്ട് നവധാന്യങ്ങളും, ഇളം പുല്ലും, കരുപ്പട്ടിയും, പഴവും എല്ലാം ചേർത്ത് ഗോശാലായിലെ അന്തേവാസികൾക്ക് നൽകുന്ന ഈ 10 വർഷങ്ങളായി നടത്തിയിരുന്നു.

10 മുതൽ 12 വരെ കളഭ ദിവസങ്ങളിൽ നവാഗത സംഗീതജ്ഞരെ പ്രോത്സാഹിപ്പിക്കുന്നതിനായി ശങ്കരനാരായണ സംഗീതോത്സവം ഇവിടെ നടത്തിവരുന്നു ഓരോ വർഷവും 200 അധികം കച്ചേരികൾ ഇപ്രകാരം നടക്കുന്നു നാടിന്റെ നാനാഭാഗത്തുനിന്നും എത്തിച്ചേരുന്ന പ്രശസ്തരായ സംഗീതജ്ഞന്മാരും നവാഗതരമായ സംഗീത പ്രതിഭകൾ തിരുസന്നിധി സംഗീതാർച്ചന നടത്തുന്നു. സംഗീത വിഷയത്തിലെ മുഖ്യ പരിഗണന നൽകുന്ന ഈ സംഗീത പരിപാടിയിൽ പങ്കെടുക്കുന്ന കലാകാരന്മാർക്ക് ഭഗവാന് ചാർത്തിയ കളഭവും, ഭഗവത് സ്വരൂപവും, ആലേഖനം ചില സർട്ടിഫിക്കറ്റ് നൽകാറുണ്ട്. നവാഗതർക്ക് അമ്പലപ്പുഴ സഹോദരന്മാരുടെ കുടുംബാംഗങ്ങൾ നൽകുന്ന ക്യാഷ് ഹൊണറേറിയവും സമ്മാനിക്കുന്നു. പന്ത്രണ്ടാം കളഭ ദിവസം വൈകുന്നേരം "ഭാവിയാമി രഘുരാമ" എന്ന സ്വാതി തിരുനാളിന്റെ പഞ്ചരത്ന കീർത്തനം സംഗീതോത്സവത്തിൽ പങ്കെടുത്ത സംഗീതജ്ഞർ എല്ലാവരും ചേർന്ന് ആലപിക്കുന്നതോടെ സംഗീതോത്സവത്തിന് സമാപനം ആകും. അമ്പലപ്പുഴ ക്ഷേത്രത്തിലേക്ക് വരുന്ന ഭക്തജനങ്ങളുടെ എണ്ണം

കുറവായിരുന്ന അവസ്ഥ പരിഹരിക്കുന്നതിനും ക്ഷേത്രത്തിലേക്ക് ഭക്തജനങ്ങൾ ആകർഷിക്കുന്നതിനും. പന്ത്രണ്ട് കളഭാഘോഷങ്ങൾ ജനശ്രദ്ധ പിടിച്ചു പറ്റത്തക്കനിലയിൽ ചൈതന്യ വർദ്ധകമായ ചടങ്ങുകൾ സംഘടിപ്പിച്ച് ഭക്തജനങ്ങളെ ക്ഷേത്രത്തിലേക്ക് ആകർഷിക്കുന്നതിനും വിപുലമാക്കുന്നതിന് അമ്പലപ്പുഴ സഹോദരന്മാർ വഹിച്ച പങ്ക് വളരെ വലുതാണ്. 1967 സഹസ്രനാമ കോടി അർച്ചന ക്ഷേത്രത്തിൽ സംഘടിപ്പിച്ച നടത്തിയും അമ്പലപ്പുഴ സഹോദരന്മാരുടെ നേതൃത്വത്തിൽ ആയിരുന്നു എന്ന് സ്മരിക്കേണ്ടിയി രിക്കുന്നു. ഇതുവരെ മൂർത്തമായ ഒരു സ്മാരക അമ്പലപ്പുഴ സഹോദരന്മാർക്ക് ഇവിടെ നിർമ്മിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന് സത്യം പങ്കുവയ്ക്കുന്നു. ഇപ്പോഴത്തെ നിലയ്ക്ക് ആ മഹാധനന്മാർക്ക് ലഭിക്കുന്ന ഏറ്റവും വലിയ അംഗീകാരമാണ് ശങ്കരനാരായണ സംഗീതോത്സവം ശങ്കരനാരായണ കലോത്സവ പരിപാടികളും.

**തുള്ളലിന്റെ ഉത്ഭവം**

അമ്പലപ്പുഴ നാട്ടുരാജ്യമായിരുന്ന സമയത്ത് അമ്പലപ്പുഴ അമ്പലത്തിൽ നാടകശാലയിൽ നടത്തി പോന്നിരുന്ന ഒരു കലാരൂപമായിരുന്നു ചാക്യാർകൂത്ത് ഉപയോഗിക്കുന്ന ഒരു വാദ്യോപകരണമാണ് മിഴാവ് ചാക്യാർകൂത്തിന് മിഴാവ് വായിച്ചിരുന്നത് അക്കാലത്തെ കുഞ്ചൻ നമ്പ്യാർ ആയിരുന്നു. എന്നാൽ ഒരു ദിവസം അമ്പലപ്പുഴ അമ്പലത്തിൽ ചാക്യാർകൂത്ത് നടക്കുന്ന സമയത്ത് വളരെ ക്ഷീണിതനായിരുന്നു കുഞ്ചൻ നമ്പ്യാർ കുത്ത് നടക്കുന്ന സമയത്ത് ഒന്നും വായിക്കാതെ ഉറങ്ങിപ്പോയി എന്നാൽ അസമയത്ത് കുഞ്ചൻ നമ്പ്യാർ ഉറങ്ങുന്നത് കണ്ട് ചാക്യാർ കണക്കിന് കളിയാക്കുകയും ചെയ്തു. അതുകണ്ട് നാട്ടുകാർ വളരെയധികം ചിരിക്കുകയും ചെയ്തു അതിൽ (ചാക്യാരുടെ കളിയാക്കൽ) മനംനൊന്ത് നമ്പ്യാർ രംഗം വിടുകയും (മിഴാവ് വായിക്കുന്നത്) അവസാനിപ്പിച്ച് തന്നെ കളിയാക്കിയ ചാക്യാർക്ക് കണക്കിന് മറുപടി നൽകണമെന്ന് ഉറച്ച തീരുമാനത്തിലാണ് നമ്പ്യാർ നാടകശാലയിൽ നിന്നും മനംനൊന്ത് ഇറങ്ങിപ്പോയത്

എന്നാൽ പിറ്റേദിവസം നാടകശാലയിൽ കൂത്തുപറയുന്ന അവസരത്തിൽ നമ്പ്യാർ തന്റെ പ്രതികാരത്താൽ അന്ന് ചാക്യാർ കളിയാക്കിയ ദിവസം രാത്രിയിൽ തന്നെ എഴുതി ചിട്ടപ്പെടുത്തിയ ഒരു കല്യാണസൗഗന്ധികം എന്ന കഥയും പുതിയ വേഷത്തിലും ഭാവത്തിലും പാടി അവതരിപ്പിച്ചു നാടകശാലയിൽ കൂത്തുപറയുന്ന സമയത്ത് നമ്പ്യാർ കളിത്തട്ടിൽ പുതിയ തരത്തിലുള്ള കലാരൂപം അവതരിപ്പിച്ചു കഥകളിയുടെ ചെറിയ രീതിയിൽ സാമ്യമായ മുഖത്തെഴുത്തും അന്നത്തെ തിരുമേനി മാരുടെ കോണകങ്ങൾ എല്ലാം കൂടി തുന്നി കെട്ടി ഒരു പട്ട് കെട്ടിയ തിന് പുറമേ ഈ തിരുമേനിമാരുടെ കോണകം ഈ പട്ടിന്റെ മുകളിൽ കെട്ടി കഴുത്തിൽ മാലയും കഴുത്തിൽ കഥകളിയുടെ സാമ്യമുള്ള മാലകളും കാലിൽ ചിലങ്കയും തലയിൽ ഒരു കറുത്ത തുണി കൊണ്ടുള്ള കെട്ടും അതിനു മുകളിൽ ഒരു കിരീടവും വെച്ച് പുതിയ തരത്തിലുള്ള വേഷവിധാനത്തോട് കൂടിയ അവതരണം ആയിരുന്നു അന്ന് നമ്പ്യാർ ഉള്ള പ്രതികാരത്തിൽ നിർമ്മിച്ച കലാരൂപത്തിന്റെ വേഷവിധാനം കൂടാതെ നല്ല താളത്മകവും ഭാവത്തോട് കൂടിയും പാടി അവതരിപ്പിക്കുകയും ചെയ്യുന്നു നല്ല ഉച്ചത്തിൽ ആയിരുന്ന പാട്ടുപാടിയിരുന്നത് അതിനെ തന്നെ അപ്പുറത്ത് നാടകശാല യിൽ ചാക്യാർകൂത്ത് തകൃതിയായി നടക്കുമ്പോൾ മറ്റൊരു വശത്ത് കളിത്തട്ടിൽ നമ്പ്യാർ നിർമ്മിച്ച പുതിയ കലാരൂപവും അവതരണം തുടങ്ങി പിന്നീട് ചാക്യാർകൂത്ത് കണ്ടിരുന്ന കാണികളെല്ലാം തന്നെ കൂത്തിന്റെ കാണൽ അവസാനിപ്പിച്ചു പുതിയ കലാരൂപം കാണുന്നതിനായി കളിത്തട്ടിൽ വന്നു കാണികളെ രസിപ്പിക്കുന്ന രീതിയിലുള്ള അവതരണം ആയിരുന്നു അതിനാൽ തന്നെ കാണികൾ പുതിയ കലാരൂപത്തിൽ മുഴുകിയിരുന്നു അങ്ങനെ കാണികളിൽ ഹരം കൊള്ളിച്ച കലാരൂപം ആയതിനാൽ തന്നെ കുഞ്ചൻ നമ്പ്യാർ ഈ കലാരൂപത്തിന് തുള്ളൽ എന്ന പേരും നൽകി എന്നാൽ ഇത് കണ്ട ചാക്യാർ ഇതിൽ കാണികൾ ഇല്ലാതെ നാടകശാലയിൽ നാണംകെട്ട് മനം നൊന്ത ചാക്യാർ അന്നത്തെ നാടുവാഴി ആയിരുന്നു. ചെമ്പകശ്ശേരി രാജാവിനോട് തന്റെ സങ്കടം അറിയിക്കുകയും രാജാവ് ചാക്യാരെ സമാധാനിപ്പിക്കുന്നതിന് വേണ്ടി ഒരു ഉത്തരവ് പുറപ്പെടുവിച്ചു ക്ഷേത്ര മതിൽക്കെട്ടിനകത്ത് നമ്പ്യാർ തുള്ളൽ അവതരിപ്പിക്കാൻ പാടില്ല

എന്ന് ഉത്തരവും പുറപ്പെടുവിച്ചു അങ്ങനെ അന്ന് മുതൽക്ഷേത്ര മതിൽക്കെട്ടിൽ നിന്ന് പുറത്താക്കി ക്ഷേത്രത്തിന് അകത്തുനിന്നും നിരോധിച്ചു.

**തുള്ളൽ പുനഃപ്രവേശം**

അമ്പലപ്പുഴ ക്ഷേത്രത്തിന്റെ മതിൽക്കെട്ടിൽ നിന്ന് പുറത്താക്കിയ തുള്ളൽ പിന്നീട് കുറെ വർഷങ്ങൾക്കുശേഷം 2006 മെയ് അഞ്ചിന് ഒരു കുഞ്ചൻ ദിനത്തോടനുബന്ധിച്ച് അമ്പലപ്പുഴ ക്ഷേത്രം മതിൽ കെട്ടിനകത്ത് തുള്ളൽ പുനരാരംഭിക്കുകയും ചെയ്തു .

ഓട്ടൻതുള്ളൽ.അമ്പലപ്പുഴ സുരേഷ്

ശീതങ്കൻ തുള്ളൽ കലാമണ്ഡലം പ്രഭാകരൻ

പറയൻ തുള്ളൽ വയലാർ കൃഷ്ണൻകുട്ടി

എന്നിവരാണ് പുനർ പ്രവേശനം തുള്ളലിന് നൽകിയത്

ഓട്ടൻതുള്ളൽ മൂന്നു തരത്തിൽ

- ശീതങ്ങൾ തുള്ളൽ
- ഓട്ടൻതുള്ളൽ
- പറയൻ തുള്ളൽ

അവതരണരീതിയും വേഷവിധാനവും മുഖത്തെഴുത്തിന്റെയും കഥയുടെയും മറ്റും താളത്തിന്റെയും അടിസ്ഥാനത്തിൽ തുള്ളലിനെ തരം തിരിച്ചിരിക്കുന്നുത്.



ശീതങ്ങൾ




ഓട്ടൻതുള്ളൽ



പറയൻ തുള്ളൽ

# കുഞ്ചൻ നമ്പ്യാർ



പതിനെട്ടാം നൂറ്റാണ്ടിൽ (1700 നും 1770 ഇടയ്ക്ക് )ആണ് നമ്പ്യാരുടെ ജീവിതകാലം ഏകദേശം 70 വർഷത്തോളം അദ്ദേഹം ജീവിച്ചിരുന്നതായി കരുതപ്പെടുന്നു പാലക്കാട് ജില്ലയിൽ കില്ലിക്കുറിശ്ശി ശിവക്ഷേത്രത്തിന് സമീപം ലക്കടി ഗ്രാമത്തിൽ കലക്കത്ത് ഭവനത്തിൽ കുഞ്ചൻ നമ്പ്യാർ ജനിച്ചു വളരെ ചെറുപ്പത്തിൽ തന്നെ പിതാവിനോടൊപ്പം കോട്ടയം ജില്ലയിലെ കിടങ്ങൂർ എന്ന സ്ഥലത്ത് കല്ലുകളിൽ ഇല്ല ഒന്നായ കുടമാളൂരിലാണ് അമ്പലപ്പുഴ രാജാവിന്റെ ജന്മഗൃഹം ഈ ഗ്രഹത്തിന്റെ ചെമ്പകശ്ശേരി എന്നാണ് അതുകൊണ്ടാണ് അമ്പലപ്പുഴയ്ക്ക് ചെമ്പകശ്ശേരി എന്ന പേര് വന്നത് രാജാവിൻറെ ആശ്രിതനായി അദ്ദേഹം കുറച്ചു വർഷങ്ങൾക്കുശേഷം തിരുവിതാംകൂർ രാജാവായിരുന്നു മാർത്താണ്ഡവർമ്മ അമ്പലപ്പുഴ രാജൻ തിരുവിതാംകൂർ ചേർന്നപ്പോൾ നമ്പ്യാർ മാർത്താണ്ഡവർമ്മയുടെ ആശ്രിതനായ തിരുവനന്തപുരം താമസം തുടങ്ങുകയും ചെയ്തു പ്രായമായപ്പോൾ രാജാവിനോട് യാത്ര പറഞ്ഞു നമ്പ്യാർ തിരിച്ച് അമ്പലപ്പുഴയിൽ എത്തുകയും താമസിക്കാതെ അന്തരിക്കുകയും ചെയ്തു

## ശീതങ്കൻ തുള്ളൽ

ക്ഷേത്ര കലാരൂപമായ തുള്ളലിന്റെ ഒരു രൂപമാണ് ശീതങ്കൻ തുള്ളൽ തരംഗണി വൃത്തത്തിലാണ് ശീതങ്കൻ തുള്ളൽ അവതരിപ്പിക്കുന്ന വേഷവിധാന ത്തിലും ഉള്ള വ്യത്യസ്തത ആസ്പദമാക്കി കൂടിയാണ് തുള്ളലിനെ മൂന്നായി തരംതിരിച്ചത് എന്ന് പറയാം കുഞ്ചൻ നമ്പ്യാർ ആദ്യം അവതരിപ്പിച്ചത് ശീതങ്കൻ തുള്ളൽലാണ്. ശീതങ്കൻ തുള്ളലിന്റെ അവതരണത്തിന് വിളക്ക് വയ്ക്കാറില്ല ശീതങ്കൻ തുള്ളലിന്റെ പാട്ട് കുറഞ്ഞ വേഗതയിലാണ് പാടുന്നത് അവതരിപ്പിക്കുമ്പോൾ രംഗത്ത് തുള്ളൽ അവതാരകൻ കൂടാതെ മൃദംഗക്കാരനും പിന്നണി പാട്ടുകാരും ഉണ്ടാകുന്നതാണ്.

## വേഷവിധാനം

മുഖത്ത് മിനുക്ക് നിറം നെറ്റിത്തടത്തിൽ നാമം വരച്ച് വാലിട്ട് കണ്ണെഴുതി പുരികം വരച്ച് ചുണ്ടിൽ ചുവപ്പ് നിറം തേച്ച് കച്ച മണി, പൈജാമ പാവാട തുടങ്ങിയ വസ്ത്രങ്ങളും അതിനുപുറമേ മുന്തി (ഒറ്റനാക്ക്) പുറകുവാൽ ചുറ്റു മുന്തി ഇവ ധരിച്ച് കഴുത്തിൽ കഴുത്താരം (മാല) അണിഞ്ഞ് തലയിൽ കൊണ്ട കെട്ടി കുരുത്തോല കൊണ്ടുണ്ടാക്കിയ ആഭരണങ്ങൾ അിഞ്ഞ് അഗത്ത് അവതരിപ്പിക്കുന്ന തുള്ളൽ രീതിയാണ് ശീതങ്കൻ തുള്ളൽ.

ശീതങ്കൻ തുള്ളൽ രീതിയിൽ അവതരിപ്പിക്കുന്ന ചില കഥകളാണ്



- രാമാനുചരിതം
- അക്ഷയപാത്രം
- കിരാതം

# ഓട്ടൻതുള്ളൽ

കേരളം നാട്ടുരാജ്യം ആയിരുന്ന സമയത്ത് കുഞ്ചൻ നമ്പ്യാർ ചിട്ടപ്പെടുത്തിയ ഒരു കലാരൂപമാണ് തുള്ളൽ കഥകളിയുമായി സാമ്യം ഉള്ളതുകൊണ്ട് തന്നെ തുള്ളലിന് പാവപ്പെട്ടവരുടെ (സാധാരണക്കാരുടെ) കഥകൾ എന്നും അറിയപ്പെടുന്നു. തമാശയും കളിയാക്കലും സമൂഹത്തിലെ കാര്യങ്ങളുടെ വിശകലനവും എല്ലാം ഒന്നിപ്പിച്ചു കൊണ്ടാണ് ഓട്ടൻതുള്ള രംഗത്ത് അവതരിപ്പിക്കുന്നത് കൂടാതെയാണ് തുള്ളൽ എന്ന കലാരൂപം രംഗത്ത് അവതരിപ്പിക്കുന്നത് പണ്ടുകാലത്ത് തുള്ളൽ ക്ഷേത്രത്തിന് (ചെമ്പകശ്ശേരി രാജാവ് ചാക്യാരുടെ പരാതി കേട്ട് ക്ഷേത്ര മതിൽ കെട്ടിൽ) നിന്നും പുറത്താക്കിയത് കൊണ്ട് തന്നെ മിക്കവാറും ഇപ്പോഴും തുള്ളൽ കൂടുതലായും അവതരിപ്പിക്കുന്ന ക്ഷേത്ര വാതിൽ കെട്ടിന് പുറത്താണ് ഓട്ടൻതുള്ളലിൽ പലതരത്തിലുള്ള വർണാഭമായ വേഷവിധാനമാണ് ഉള്ളത് കൂടാതെ നായകൻ തനിച്ച് വേദിയിൽ (രംഗത്ത്) പാടിയാണ് തുള്ളൽ അവതരിപ്പിക്കുന്നത്. നായകൻ പാടുന്ന പാട്ടിന് അനുകരിച്ച് പിന്നിൽ പിന്നണിക്കാരൻ (കൈമണികാരൻ) പാടുകയും അതിനനുസരിച്ച് (ചുവടിന് അനുസരിച്ച്) മൃദംഗ വിദ്വാൻ മൃദംഗം വായിക്കുകയും ചെയ്യുന്നു ഓട്ടൻതുള്ളൽ "കേക" വൃത്തത്തിലാണ് അവതരിപ്പിക്കുന്നത്

തുള്ളന് ഉപയോഗിക്കുന്ന താളങ്ങൾ

- ഗണപതി താളം
- ചമ്പത്താളം
- ചെമ്പട താളം

1. ഗണപതി താളം - കലാകാരൻ (തുള്ളൽ) അവതരിപ്പിക്കുന്ന തൊഴിൽ ആരംഭിക്കുമ്പോൾ ഗണപതി താളത്തിനനുസരിച്ച് ചുവടുവെക്കുന്നു.
2. ചമ്പ താളം ...........
3. ചെമ്പട താളം

## ചെമ്പട താളം – ഝംപ താളം ഒരു താരതമ്യ പഠനം.

ചെമ്പട താളം എന്ന താളം കേരളത്തിൽ പൊതുവേ ഉപയോഗിച്ച് വരുന്ന ഒരു താളം ആണ് സോപാനസംഗീതം കഥകളി ചെണ്ട മുതൽ നാടൻ ശീലുകളിൽ ഉപയോഗിച്ച് വരുന്ന ഒരു താളമാണ് ചെമ്പട താളം 8 അക്ഷരങ്ങൾ അടങ്ങിയ ഒരു കേമമാണ് ഈ താളം. സാധാരണയായി 7 അടിയും ഒരു വിശും എട്ടു (ബീറ്റ്സ്) ചേരുന്ന താളക്രമം ഇതുതന്നെ ഒരു അടിയും വീശും തുടർന്ന് ആറടിയും എന്ന ക്രമത്തിൽ ഈ താളം ഇടാറുണ്ട്. ഈ താളത്തിന് സമമാണ് കർണാടക സംഗീതത്തിലെ ആദിതാളം. അഥവാ ചതുരശ്രജതി ത്രിപുര എന്ന താളം ഇതിനും എട്ട് അക്ഷരമാണ് പക്ഷേ താളം പിടിക്കുന്ന വിധം ഒരു അടിയും ചെരുവിൽ മുതൽ തുടങ്ങുന്ന മൂന്ന് വിരലുകളും തുടർന്ന് ഒരടിയും വീശും വീണ്ടും ഒരു അടിയും വീശും എന്ന ക്രമത്തിൽ പാട്ടുകൾക്ക് താളമിടുന്ന രീതിയാണ് ചെമ്പട താളത്തിന് മൊത്തത്തിൽ പറഞ്ഞാൽ തുല്യ അളവിലെ എട്ടടികളാണ്

എന്നാൽ ഝംപതാളം എന്ന് പറയുന്നത് കർണാടക സംഗീതത്തിലെ സപ്ത താളങ്ങളിൽ ഒന്നാണ് സപ്തതാളം എന്ന് പറയുന്നത് ഒരു ധ്രുവം, രണ്ട് മഠ്യം, മൂന്ന് തുപകം, നാല് ഝംപ,അഞ്ച് ത്രിപുട,ആറ് അട, ഏഴ് ഏകം എന്നതാണ് ഓരോ താളത്തെയും സൂചിപ്പിക്കാൻ ഓരോ ലക്ഷണങ്ങൾ ഉള്ളതിൽ ഝംപതാളത്തിന്റെ ലക്ഷണം എന്നത് ലഘു ഒന്ന്, അനുദ്രുതം 0 ദ്രുതം 0 അതായത് 100 ഇങ്ങനെയാണ്

- **വേഷക്രമം**

മുഖത്ത് പച്ച തേച്ച് വാലിട്ട് കണ്ണ് എഴുതിയ കച്ച മണി പൈജാമ പാവാട കൊല്ലാരം കഴുത്താരം തോൽ പുട്ട് ഹസ്ത കടകം മുന്തി തുടങ്ങിയ ആഭരണങ്ങൾ ധരിച്ച് ആകൃതിയിലുള്ള വേഷവിധാനം

- **കഥകൾ**

ഗണപതി പ്രാതൽ

കല്യാണസൗഗന്ധികം

കൃഷ്ണലീല

ബാല്ല്യൂത് ഭവം

ഇത്തരത്തിലുള്ള ചില കഥകൾ ഓട്ടൻതുള്ളൽ വേഷത്തിലും ഓട്ടൻതുള്ളൽ രീതിയിലും ആണ് അവതരിപ്പിക്കുന്നത്

ഓട്ടൻതുള്ളലിന് ഉപയോഗിക്കുന്ന ഉപകരണങ്ങൾ

- മൃതഗം
- കൈമണി
- ഇടയ്ക്ക

**പറയൻ തുള്ളൽ**

രാവിലെ അരങ്ങേറുന്ന ഒരു കലാരൂപമാണ് പറയൻ തുള്ളൽ ശീതങ്കൻ തുള്ളലിനെയും പറയൻ തുള്ളലിനെയും വെച്ച് നോക്കുമ്പോൾ (താരതമ്യം) പതിഞ്ഞ ഈണവും പതിഞ്ഞ താളവും ആണ് പറയാൻ തുള്ളലിന്റെത് മാത്രമല്ല ശീതങ്കൻ തുള്ളലിനെയും പറയ്റപ തുള്ളലിനെയും അപേക്ഷിച്ചു അവതരണത്തിലും മറ്റു വളരെ പ്രയാസമുള്ള തുള്ളൽ കൂടിയാണ് പറയൻ തുള്ളൽ. ഒരു സംസ്കൃത വൃത്തമായ മല്ലിക വൃത്തമാണ് ഉപയോഗിച്ചിരി ക്കുന്നത് കഥ പറയുന്ന രീതിയിലുള്ള പാട്ടാണ് ഉപയോഗിക്കുന്നത് കഥ പറഞ്ഞു ചെയ്യുന്ന രീതിയിൽ ആയതിനാൽ ആവണം ഈ തുള്ളലിന് പറയൻ തുള്ളൽ എന്ന് പേര് വന്നിരിക്കാൻ കാരണം.

**അവതരണം**

ഈ പറയൻ തുള്ളൽ വളരെ പതിഞ്ഞ രീതിയിലാണ് അവതരിപ്പി ക്കുന്നത് കൂടാതെ നൃത്തം വളരെ കുറച്ചു മാത്രമാണ് ചെയ്യുന്നത് ഒരു ഭക്തിസാന്ദ്രമാർന്ന വേഷത്തിലാണ് പറയൻ തുള്ളലിന്റെ വേഷവിധാനം

വരുന്നത് സമയമെടുത്തുള്ള അവതരണമാണ് പറയാൻ തൊഴിൽ ഭക്തി സാന്ദ്രമായതിനാൽ തന്നെ പറയാൻ തുള്ളൽ കൂടുതലും ആത്മീയ കാര്യങ്ങ ളാണ് അവതരിപ്പിക്കുന്നത് പുരാണങ്ങളിൽ പരാമർശിച്ചിട്ടുള്ള കഥയാണ് പറയൻ തുള്ളൽ കഥകൾ കൂടുതലും.

**അറിയപ്പെടുന്ന പറയൻ തുള്ളലുകൾ**

- സഭാപ്രവേശം
- ത്രിപുരദഹനം
- കുംഭകർണ്ണവധം
- ദക്ഷയാഗം
- കീചകവധം
- പുളിന്തി മോക്ഷോ
- സുന്ദോപസുന്ദോപാഖ്യാനം
- നാളായണിചരിതം
- ഹരിചന്ദ്രചരിത്രം
- പാഞ്ചാലി സ്വയംവരം
- പഞ്ചേന്ദ്രിവാക്യം

**വേഷവിധാനം**

പറയൻ തുള്ളലിൽ കണ്ണിൽ പൊടുന്ന ഒരു പ്രത്യേകതയാണ് ശിവലിംഗവും സമർപ്പണവും. വരുന്ന തരത്തിലുള്ള കിരീടം അനന്തനെ സങ്കൽപ്പിച്ചിട്ടുള്ളത് തരത്തിലാണ് പറയൻ തുള്ളലിന്റെ വേഷം ഭസ്മമോ ചന്ദനമോ ദേഹത്ത് മുഴുവൻ തേക്കുകയും മുഖത്ത് മിനുക്ക് തേച്ച് ഭസ്മം കൊണ്ട് നെറ്റിലും കൈകളിലും കുറികൾ വരച്ച് ചുവന്ന പട്ടുടുത്ത് വലതുകാലിൽ മാത്രം കച്ചമണി (ചിലങ്ക) ധരിച്ച് മുടി കറുത്ത തുണികൊണ്ട് കെട്ടി സർപ്പാകൃതിയിൽ ഉള്ള കിരീടം ധരിച്ച വലതുകാൽ വച്ച് ചുവട് ചവിട്ടി രംഗത്ത് കഴുത്തിലും കൈകളിലും മാലയും വളയും അണിഞ്ഞും ധരിക്കുകയും പറയാൻ തുള്ളൽ കലാകാരൻ (നായകൻ) ഒറ്റ കാലിൽ (ഒറ്റക്കാൽ ചുവട്) നൃത്തം ചെയ്യുന്നത് പറയരുടെ അഭിനയ രീതിയാണ് ഈ പറയൻ തുള്ളലിന്റേത് ഒരു ശിവസദൃശ്യമായ

വേഷമാണ് പറയാൻ തുള്ളലിന്റേത്. (കലാകാരന്റേത്) പറയൻ തുള്ളലിൽ നിന്ന് ഭക്തിയാണ് ് കൂടുതലും കാണാൻ സാധിക്കുന്നത് .കാരണം ശിവഭഗവാനുമായി സാമ്യമുള്ള തരത്തിലാണ് പറയൻ തുള്ളലിന്റെ വേഷവിധാനം വരുന്നത്.

**തുള്ളലിന്റെ അവതരണരീതി**

രംഗത്ത് വന്ന നടൻ (അഭിനേതാവ്) ഭൂമിദേവിയെ വന്ദിച്ച് വാദ്യോപകരണങ്ങൾ ആയ കൈമണി (ജാലറ) മൃദംഗം ഇടയ്ക്ക് ഇവയെ തൊട്ടു വന്ദിച്ച്

- അരങ്ങ് താളം
- ഗണപതി
- സരസ്വതി
- ഗുരു
- ഇഷ്ടദൈവം
- കാണികൾ

ഇവരെ പ്രണമിച്ച് കഥ ആരംഭിക്കുന്നു കഥ അവതരിപ്പിച്ച കഥയുടെ അവസാനം മംഗളം പാടി ചൊല്ലി സദസ്സിനെയും വാദ്യോപകരണങ്ങളെയും ഭൂമിദേവിയെ വന്ദിച്ച് നടൻ രംഗത്തുനിന്ന് വിടപറയുന്നു.

**അരങ്ങ് താളം**

താളത്തിന് അനുയോജ്യമായ ചുവടുകൾ വെച്ച് അരങ്ങിന് ഉണർവ് നൽകി അരങ്ങു ഒരുക്കുന്നതിനെയാണ് അരങ്ങു താളം എന്നു പറയുന്നത് അരങ്ങു താളത്തിൽ പാട്ടിന് പ്രാധാന്യമില്ല പകരം മൃദംഗത്തിനും കൈമണിക്കുമാണ് പ്രാധാന്യം

**ഗണപതി സ്തുതി**

ഇന്ദ്രൻ പോലെ വക്ത്രം

കുടവയറുമീയന്നൊരു ചാരു സ്വരൂപം

മുമ്പിൽ ശ്രീ പാർവതിക്കും ശിവനുമിഹ

പിറന്നൊരു ഓമലുണ്ണി ഗണേശാ

വമ്പിച്ചുള്ളൊരു വിഘ്നം

വിരവിനോടഖിലം തീർത്തു രക്ഷിച്ചു കൊൾവാൻ

വമ്പേറും തമ്പുരാനെ തവപദ കമലം

സംന്തതം കൈതൊഴു ന്നേൻ

അർത്ഥം

- കുംഭിന്ദ്രൻ - കൊമ്പനാന
- വക്രം - മുഖം
- വമ്പിച്ചുള്ള - വലുതായിട്ടുള്ള
- വിഘ്നം - തടസ്സം
- വിരവിനോട് - പെട്ടെന്ന്
- അഖിലം - മുഴുവൻ
- തവ - അങ്ങയുടെ
- കമലം - താമര
- സന്തതം - എല്ലായിപ്പോഴും

**സരസ്വതി സ്തുതി**

വാണിദേവി വിളങ്ങണം മമസദാ

ജിഹ്വാഗ്ര രംഗേമുദാ

വീണാപാണിയിലാക്കി നാദമൃദം

കർണ്ണേ ചൊരിഞ്ഞീടുവാൻ

ഏണി ശാംബ വിലോചന ദേവി

മന തളിർക്കുള്ളൊരു ഖേദങ്ങളും

ക്ഷീണം പോക്കിയുടൻ മഹേശ്വരി

സദാരംഗേ വിളങ്ങേണമേ......

**അർത്ഥം**

വാണി - വാക്ക്

സദാ - എല്ലാം

ജിഹ്വാ - നാക്ക്

അഗ്രം - അറ്റം,തുമ്പ്

പിലോചന - വിടർന്നത്

ഖേദം - ദുഃഖം

രംഗെ - രംഗത്ത്

വിളങ്ങുക - ശോഭിക്കുക

കർണം - ചെവി

ശാംബ - മാൻ

**ഗുരു / കാണികൾ**

ഗുരുചരണാബുജ യുഗമുന്ദാരം

പരിചരണേന വണങ്ങി വണങ്ങി

പരിചോടു  നല്ലോരു കഥപറവാൻ മുദാ

പരീക്ഷദീ ഞാനിതാ വന്ദിക്കുന്നേൻ

**അർത്ഥം**

ചരണം  - പാദം

ആുഗളം - 2

പരിചൊടു - പെട്ടെന്ന്

പരീക്ഷതി  - കാണികൾ

**ഇഷ്ട ദൈവം**

എന്നാലിനിയൊരു കഥയുര ചെയ്യാൻ

എന്നുടെ ഗുരുവരൻ അരുളിയ പോലെ

നന്നായി വരുംമതിതിനെല്ലാ ജനവും

നമ്മെ അനുഗ്രഹം ഏകീടണം

**തുള്ളലിന്റെ നൃത്തക്രമം**

ആംഗിക - വാചിക - ആഹാര്യ സ്വാതികാ അഭിനയങ്ങൾ ഒത്തിണങ്ങിയാണ് തുള്ളലിന്റെ അവതരണം വരുന്നത് ആഹാര സ്വാതിക അഭിനയങ്ങൾക്ക് തുള്ളലിൽ തുല്യപ്രധാനമാണുള്ളത് ഹസ്തന ലക്ഷണ ദീപികയും നാട്യവിധി പ്രകാരവും അനുസരിച്ചുള്ള രീതിയിലാണ് ഹസ്ത മുദ്ര പ്രകടനം വരുന്നത് തുള്ളലിൽ മുദ്രകൾക്ക് നിയമാനുസൃതമായ

മുദ്രകൾക്ക് പുറമെ സാമ്യ കൈകളും ഉപയോഗിച്ചുവരുന്നു. തുള്ളലിൽ താളം ചവിട്ട്, രംഗചലനം, ഭാവാഭിനയം, തുടങ്ങിയവയ്ക്ക് ഏറെ പ്രാധാന്യമുണ്ട് ഗണപതി സ്തുതി, സരസ്വതി സ്തുതി, ഗുരു/കാണികൾ ഇഷ്ടദൈവം എന്നീ ക്രമ ചടങ്ങുകൾക്ക് ശേഷം മാത്രമാണ് കാഥ രംഗത്ത് പാടി അവതരണം ആരംഭിക്കുന്നത്. തുടർന്ന് മംഗളം പാടിക്കൊണ്ടാണ് നൃത്തം (തുള്ളൽ) അവസാനിപ്പിക്കുന്നത് ഇത്തരത്തിലാണ് തുള്ളലിന്റെ നൃത്തക്രമം വരുന്നത്

**തുള്ളലിന്റെ ഭാഷ**

തുള്ളലിന്റെ ഭാഷ വളരെ ലളിതമായാണ് പറയുന്ന അമിതമായ സംസ് കൃതത്തിന്റെ പ്രാവണ്യത്തിനും പുരോഗതിക്കും തുള്ളൽ പ്രസ്ഥാനത്തിലൂടെ അറുതി വരുത്തുന്നതിന് ഒരു പരിധിവരെ കുഞ്ചൻ നമ്പ്യാർക്ക് സാധിച്ചിട്ടുണ്ട് ഒരു പരിധിവരെ ലളിതമാണെങ്കിലും അത് ഭാഷ വളരെ ഊർജസ്വലമാണ് തുള്ളലിന്റെ അവസരങ്ങൾക്ക് അനുസരിച്ച് ഭാഷാപ്രയോഗത്തിലും വ്യത്യാസം വരുത്താൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട് തുള്ളൽ കൃതികളിൽ ഉപകഥകളും ഉപാധ്യായങ്ങളും കാണാൻ സാധിക്കുന്നതാണ് തുള്ളലിന്റെ പ്രത്യേകതയായി കാണുന്നത് സമൂഹത്തെയും സാമൂഹ്യ നിരൂപണത്തെയും ഈ പറഞ്ഞതിനേക്കാൾ കൂടുതൽ എടുത്തു പറയാൻ സാധിക്കുന്നതാണ്

**തുള്ളലിലെ മുദ്രകൾ**

മുദ്രകൾ രണ്ടു തരത്തിലാണ്

1. സംയുക്ത മുദ്രകൾ
2. അസംമയത്ത് മുദ്രകൾ

**സംയുക്ത മുദ്രകൾ** - ഇരു കൈകളിൽ പിടിക്കുന്നത് ഒരേ മുദ്രയാണെങ്കിൽ അതിനെ സംയുക്ത മുദ്രകൾ എന്നു പറയുന്നു

ഉദാഹരണം കൃഷ്ണൻ രാജാവ് വഴി മുഴുവൻ

**അസംയുക്ത മുദ്രകൾ** – ഇരുകൈകളിലും പിടിക്കുന്നത് വ്യത്യസ്ത മുദ്രയാണെങ്കിൽ അതിന് അസംയുക്ത മുദ്രകൾ എന്നു പറയുന്നു

ഉദാഹരണ മഹാദേവൻ രാമൻ

**മുദ്രകൾ**

- ✓ പതാക
- ✓ മുദ്രാവ്യം
- ✓ കടകം
- ✓ മുഷ്ടി
- ✓ കർത്തരി മുഖം
- ✓ ശുകതുണ്ഡം
- ✓ കപിത്തം
- ✓ ഹംസ പക്ഷം
- ✓ ഹംസാസ്യം
- ✓ ശിഖരം
- ✓ അഞ്ജലി
- ✓ അർദ്ധ ചന്ദ്രൻ
- ✓ അുകുരം
- ✓ ഭ്രമരം
- ✓ സൂചിമുഖം
- ✓ പല്ലവം
- ✓ തൃപതാക
- ✓ ദൃശ്യ ശീർഷകം
- ✓ സർപ്പ ശിരസ്സ്
- ✓ വർദ്ധമാനം

- ✓ അരാളം
- ✓ ഊർണ്ണനാദം
- ✓ മുകുളം
- ✓ കടകാമുഖം

മുദ്ര പ്രയോഗം

- ✓ പതാക – സൂര്യൻ, രാജാവ്, ആന, സിംഹം, പാതാള,ം വിതാനം, വിഴി, ഭൂമി
- ✓ മുദ്രാക്യം – കേൾക്കുക, പാടുക, മനസ്സ്, ജീവൻ, മുഴുവൻ
- ✓ കടകം – വിഷ്ണു, കൃഷ്ണൻ, അമ്മ ,കമ്മൽ, വെള്ളി, സ്വർണ്ണം
- ✓ മുഷ്ടി – ബലം ബലവാൻ തേരാളി ഭടൻ
- ✓ കർത്തരി മുഖം – പറയുക വീട് കേൾക്കുക വാങ്ങുക കൊടുക്കുക
- ✓ ശുകതുണ്ഡം – പക്ഷി പക്ഷിച്ചുകൊണ്ട് ഉറപ്പിക്കുക ഭൂമികൊളുത്ത്
- ✓ കപിതം – മയിൽപീലി കൊമ്പ് കാരണം വഴി
- ✓ ഹംസഭക്ഷം – ശരീരം പൂർണ്ണചന്ദ്രൻ കൊണ്ടുവരിക ആമ കാമദേവൻ
- ✓ ഹംസാസ്യം – മണം പൊടി ഭയം സ്നേഹം കണ്മിഴി
- ✓ ശിഖരം – വഴി 2 കണ്ടു
- ✓ അഞ്ജലി – തൊഴുക അഗ്നി വാങ്ങുക കൊടുക്കുക ഇരിപ്പിടം ഹനുമാൻ കുതിര പന്നി
- ✓ അർദ്ധ ചന്ദ്രൻ – യോഗ്യത നല്ലത്
- ✓ മുകുരം – ധ്യാനിക്കുക വളഞ്ഞത്
- ✓ ഭ്രമരം – കൂടം പാത്രം പറക്കുക വെള്ളം ഒഴുകുക കണ്ണ് എഴുതുക
- ✓ സൂചിമുഖം – ഭിന്നം ഒന്ന് യോജിപ്പിക്കുക വരണം
- ✓ പല്ലവം – ആകാശം ശരീരം
- ✓ തൃപതാക – പൂർണ്ണചന്ദ്രൻ ശരീരം ആകാശം കാമദേവൻ മുഖം

- ✓ മൃഗശീർഷം – മൃഗം മാൻ
- ✓ സർപ്പ ശിരസ്സ് – കുറച്ച്
- ✓ വർദ്ധ മാനകം – ജലം ഒഴിക്കുക
- ✓ അരാളം – അഹംങ്കാരം
- ✓ ഊർണ്ണ നാഭം – അഗ്നി മുതല കടുവ പുലി
- ✓ മുകുളം പുറകോട്ട് കുരങ്ങ് അല്പം
- ✓ കടകമുഖം – യുദ്ധം ശക്തി തേരാളി

1. **നവരസങ്ങൾ**

നൃത്തത്തിന് ഉപയോഗിക്കുന്ന നവരസങ്ങൾ തന്നെയാണ് തുള്ളലിലും അവതരിപ്പിച്ചു പോരുന്നത്

ശൃംഗാരം,

കരുണം

രൗദ്രം

ഹാസ്യം

ഭയാനകം

അത്ഭുതം

ശാന്തം

ബീവത്സം,

വീര

**ശൃംഗാരം**

പരസ്പരം നായകനും നായികയും ഉണ്ടാകുന്ന അനുരാഗമാണ് ശൃംഗാരം ആയി വികാസം പ്രാപിച്ചത് രതി എന്ന സ്ഥായിഭാവത്തിൽ നിന്നാണ് സൗശീല്യം സൗന്ദര്യം എന്നതാണ് ആലംബം ശൃംഗാര അഭിനയത്തിന് 30 സഞ്ചാരി ഭാഗങ്ങൾ നമുക്ക് പ്രയോഗിക്കാൻ

സാധിക്കും കാലം പറഞ്ഞിരിക്കുന്നത് കന്യക യൗവനം സ്ത്രീകൾക്ക് മുഖത്തും ശരീരത്തും വികാരങ്ങൾ പ്രകടമാക്കുന്നതാണ് അലങ്കാരങ്ങളെല്ലാം തന്നെ ഭാവങ്ങളെയും എസ്എഫ്ഐ ബന്ധി ഷിക്കുന്നു ആദ്യത്തെ മൂന്ന് നായികാലം ശങ്കരങ്ങളാണ് ഭാവം ഭാവം ഹേല എന്നിവ ഭാവം എന്നത് നായിക നായകൻ തന്റെ ശരീരഭാവത്തെ കാണിക്കുന്നതാണ് ശൃംഗാരത്തിന്റെ അംഗചലനങ്ങൾ എല്ലാം തന്നെ ലളിതവും മധുരവും ആണ് ശൃംഗാരം രസത്തിന് വേഷങ്ങൾ കുറച്ച് മാത്രം ധരിക്കുന്നതാണ് കൂടുതൽ കാണുന്നത് രസത്തിന് രാജാവ് എന്നു പറയപ്പെടുന്നു.

2. ഹാസ്യം

ഹാസ്യമാണ് ഹാസത്തിന് സ്ഥായിഭാവമായി വരുന്നത് ഹാസത്തിന്റെ കാരണമായി വിഭാവമാണ് രൂപം വേഷം സംസാരം എന്നിവ മൃഗതമായ രീതിയിൽ തരത്തിലുള്ള ഹാസ്യത്തെ ആത്മസ്തവും പരസ്യവും എന്നും പറയാം ആത്മസ്ഥം എന്നത് തന്നെ ചിരിക്കുന്നതും പരസ്പരം എന്നത് അന്യരെ ചിരിപ്പിക്കുന്നതാണ് ഹാസ്യ ത്തിന്റെ തരം തിരിവിൽ കാണാൻ സാധിക്കും

- ✓ സ്മിതം
- ✓ ഹസ്തം
- ✓ വികസിതം
- ✓ ഉപഹസിതം
- ✓ അപഹസിതം
- ✓ അതിഹസിതം

സ്മിതവും ഹസിതവും ഉത്തമന്മാർക്കും

വിഹസിതം ഉപഹസിതം മദ്യമന്മാർക്കും

അപഹസിതവും അതിഹസിച്ചതും അധമന്മാർക്കും

പറ്റുന്ന തരത്തിലാണ് ഹാസ്യത്തിന്റെ തരംതിരിവ് വരുന്നത്.

**സ്മിതം** – ഉത്തമന്മാർക്കും കവിൾ വികസിച്ച മന്ദഹാസത്തോടെയാണ് സ്മിതം

**ഹാസ്യം** –ഉത്തമന്മാർക്കും കുറച്ചേറെ പല്ലുകൾ പുറത്തു കാണിച്ചിരിക്കുന്നതാണ് ഹാസ്യം

**വിഹസിതം** – മദ്ധ്യമന്മാർക്ക് കൃത്യമായ സമയത്തുള്ള മധുരത്തിലുള്ള പുഞ്ചിരിയാണ് വിഹസിതം

**ഉപഹസിതം** – മദ്ധ്യമന്മാർക്ക് ഭഗധിഷ്ലിയോടെ തലയും തോളും മൂക്കും വിടർത്തി കുനിച്ചു ചിരിക്കുന്നതാണ് ഉപഹസിതം

**അപഹസിതം** – അധമന്മാർക്ക് തലയും ശരീരവും അനക്കി ചിരിക്കുന്നതാണ് അപഹസിതം

**അതിഹസതം** – അധമന്മാർക്ക് പൊട്ടിച്ചിരിക്കുന്നതാണ് അതിഹസിതം

ഹാസ്യരസത്തിന്റെ സഞ്ചാരി ഭാവങ്ങളാണ് അസൂയ അവശിതം നിദ്ര ആലസ്യം എന്നിവ.

**കരുണ** – കരുണ കരുണയുടെ സ്ഥായിഭാവം ശോകമാണ് കരുണ രസത്തിന്റെ പ്രകടന രീതിയാണ് നെടുവീർപ്പ് കണ്ണീരൊഴുക്കുക എന്നിവ കരുണയ്ക്ക് ആവശ്യമുള്ള സഞ്ചാരി ഭാഗങ്ങൾ ആണ് നിർവേദനഗ്ലാനി ചിന്ത എന്നിവ

**വീര** – ഉത്സാഹമാണ് വീരത്തിന്റെ സ്ഥായിഭവം വീരം കാണുന്നത് ഉത്തമന്മാരിലാണ് കൂസലില്ലായ്മ മടിയില്ലായ്മ പരാക്രമം പ്രതാപം വിനയം ബലം പ്രഭാവം എന്നിവയിലൂടെയാണ് രസം ഉണ്ടാകുന്നത് വീര രസം അറിയപ്പെടുന്നത് കുലുക്കമില്ലായ്മ ഉശിര് ത്യാഗ സന്നദ്ധത കരളുറപ്പ് എന്നിവ യിലൂടെയാണ് സഞ്ചാരി ഭാഗങ്ങളാണ് ഗർവ്വം ഉഗ്രത മതി അമർഷം വിധി ആവേശം എന്നിവയിലൂടെയാണ്

**രൗദ്രം** – രൗദ്രമാണ് രൗദ്രത്തിന്റെ സ്ഥായിഭാവം ആയി വരുന്നത് പ്രതിനായകൻ നായികയെ ഉപദ്രവിക്കുന്ന തരത്തിലാണ് രൗദ്രം

അവതരിപ്പിക്കാതെ രൗദ്രഭാവത്തിൽ ചെയ്യുന്ന പ്രവർത്തികൾ ആണ് ആക്ഷേപിക്കുക ചീത്ത വിളിക്കുക ഉപദ്രവിക്കുക കൊല്ലാൻ ശ്രമിക്കുക എന്നിവ എന്നിവ രൗദ്രത്തിന്റെ സഞ്ചാരി ഭാഗങ്ങളാണ് ഉത്സാഹം ആവേശം കൂസലില്ലായ്മ.

**ഭയാനകം** – ഭയം എന്ന സ്ഥായിഭാവമാണ് ഭയാനകം എന്ന രസത്തിന്റേത് കണ്ടുപിടിക്കുക ഹിംസ്രജന്തുക്കളെ ഒറ്റപ്പെടുത്തുക ബന്ധുക്കൾക്ക് ഉണ്ടാകുന്ന അപകടം ആപത്ത് അറിയുക എന്നിവയാണ് ഭയാനകം ഉണ്ടാക്കുന്ന സന്ദർഭങ്ങൾ സഞ്ചാരി ഭാഗങ്ങളാണ് ശങ്ക അപസ്മാരം മരണം മോഹലാസ്യം ദൈന്യം ശബലത ആവേശം ത്രാസം എന്നിവ

**ബീഭത്സം** – ജുഗുപ്സയാണ് ബീഭത്സത്തിന്റെ സ്ഥായിഭാവം എന്നത് കേൾക്കാൻ താല്പര്യം ഇല്ലാത്ത കാര്യങ്ങളെ പറ്റി കേൾക്കുകയോ ഓർക്കു മ്പോൾ ഉണ്ടാകുന്ന ഭാവമാണ് ജീവൽസം തുപ്പുക ഓർഗാനിക്കുന്നത് എന്നിവ യിലൂടെ ആണ് കാണിക്കുന്നത് സഞ്ചാരി ഭാഗങ്ങളാണ് ഉദ്വേഗം വ്യാധി മരണം അപസ്മാരം ആവേശം മോഹം എന്നിവ.

**അത്ഭുതം** – വിസ്മയമാണ് സ്ഥായിഭാവമായി വരുന്നത് അത്ഭുതത്തിനിടെ ഇഷ്ടമുള്ള കാര്യങ്ങൾ കേൾക്കുമ്പോൾ ഉണ്ടാകുന്ന ഭാവമാണ് അത്ഭുതം കണ്ണിമ വെട്ടാതെ നോക്കുക സന്തോഷിക്കുക പൊട്ടിച്ചിരിക്കും എന്നീ ഭാവപ്രകടനത്തിലൂടെയാണ് അത്ഭുതം പ്രകടമാക്കുന്നത് അത്ഭുതത്തിന്റെ സഞ്ചാരി ഭാഗങ്ങളായി വരുന്നത് ജഡത ധൃതി ഉന്മാദം പ്രഹർഷം എന്നിവയാണ്.

**ശാന്തം** – ശാന്തമാണ് ശാന്ത രസത്തിന് സ്ഥായിഭവം ഭരതൻ അഷ്ട വേവരസ നാട് എന്നാണ് ശാന്ത രസത്തെ നിർവചിച്ചിരിക്കുന്നത് 8 രസത്തിനുശേഷം പിന്നീട് കൂട്ടിച്ചേർത്ത് രസമാണ് ശാന്തം ശാന്ത ഭാവമാഗ്രത ഭയം എന്നിവയിലൂടെയാണ് അനുസരിച്ചുള്ള മുഖഭാവമാണ് ശാന്തത്തിന്റെ സഞ്ചാരി ഭാവങ്ങളാണ് നിർവഹിതം സ്തംഭം സ്മൃതി എന്നിവ.

തുള്ളലിലെ അഭിനയം

തുള്ളലിലെ അഭിനയം നാല് തരത്തിലാണ്

- ✓ അംഗികം
- ✓ വാചികം
- ✓ സാത്വികം
- ✓ ആഹാര്യം

1. **അംഗികം**

അംഗ, പ്രത്യംഗ , ഉപാ അംഗങ്ങൾ ഇവയുടെ ചലനങ്ങളിൽ കാണികൾക്ക് അർത്ഥം മനസ്സിലാക്കി അഭിനയിക്കുന്ന രീതിയാണ് അംഗീകാഭിനയം

2. **വാചികം**

വാക്കുകൾ ഉച്ചരിച്ച് അഭിനയിക്കുന്ന രീതിയാണ് വാചക അഭിനയം

3. **സാത്വികം**

എന്താണോ നായകൻ നായികയുടെ മനസ്സിൽ ഉള്ളത് വിചാരങ്ങൾ അത് പുറത്തു കാണിച്ചാൽ അഭിനയിക്കുന്ന രീതിയാണ് സ്വാത്വികം

4. **ആഹാരികം**

ആഹാരിക അഭിനയത്തിൽ വേഷത്തിലാണ് പ്രാധാന്യം കൂടുതലും കാരണം വേഷഭൂഷാദികൾ അണിഞ്ഞ രംഗത്ത് അവതരിപ്പിക്കുന്ന രീതിയാണ് ആഹാരിക അഭിനയം.

# അഭിനയം.

അഭിനയം എന്നത് നാടകാദി ദൃശ്യ കലകളിൽ കഥാപാത്രങ്ങളെ സാമാജിക്കുന്നവർക്ക് മുൻപിൽ നാടൻ അവതരിപ്പിക്കുന്നതാണ് അഭിനയം കഥ സന്ദർഭങ്ങൾക്കും കഥാപാത്രത്തിന്റെ സാഹചര്യത്തിലും അനുസ്യൂതമായ അവതരണമാണ് അതിൻറെ ആ ചട്ടക്കൂട്ടത്തിൽ നിന്നുകൊണ്ട് കാഴ്ച ക്കാരുടെ മുമ്പിൽ പെരുമാറാനുള്ള തൊഴിൽപരമായ ഒരു അച്ചടക്കമാണ് അതിലൂടെ കഥ സംഭവങ്ങൾ ജീവിതാവസ്ഥകൾ കാഴ്ചക്കാർക്ക് തന്റെ ഭാവ ങ്ങൾ അംഗചലനങ്ങൾ ശബ്ദം എന്നിവയിലൂടെ രസത്തിൽ പുതുമ നിലനിർത്തിക്കൊണ്ട് സംഭവിച്ചു കൊടുക്കുന്ന കഥയാണ് അഭിനയം. മറ്റൊരു തരത്തിൽ പറഞ്ഞാൽ ശരീരചലനങ്ങൾ മുഖേന ആശയങ്ങളുടെ പ്രതീതി അഭിനയിച്ച പ്രേക്ഷകർക്ക് മനസ്സിലാക്കി കൊടുക്കുന്ന പ്രകടന സമ്പ്രദായം. ഇത് എത്രത്തോളം നന്നായി വൈവിധ്യവുമായ രീതിയിലും ഒരു അഭിനേ താവിന് അല്ലെങ്കിൽ അഭിനേത്രിക്ക് ചെയ്യുവാൻ സാധിക്കുന്നു എന്നതാണ് കലാകാരന്റെ അല്ലെങ്കിൽ കലാകാരിയുടെ അഭിനയകല അല്ലെങ്കിൽ വൈദ്യം സംസ്കൃതത്തിൽ അതിനേതാവ് എന്നതിന് നടൻ എന്ന സഞ്ജ്ഞയാണ് സർവ്വസാധാരണമായി ഉപയോഗിച്ചു ചെയ്യുക എന്ന ധാതുവിൽ നിന്നാണ് നടൻ എന്ന സംഗീത വന്നിരിക്കുന്നത് ഇതിൽ നിന്നും ഭാരതീയൻ അഭിന യത്തിന്റെ തുടക്കം നൃത്തവുമായി ബന്ധപ്പെട്ടതാവും എന്ന് ഊഹിക്കാം.

**അംഗിക അഭിനയം.**

അംഗികാഭനിയം വെളിപ്പെടുത്തേണ്ടത് ഉപാംഗങ്ങളെ കൂടാതെയുള്ള ശരീരത്തിലെ മറ്റ് അവയവങ്ങൾ അഥവാ അംഗ-പ്രത്യംഗങ്ങൾ കൊണ്ടാണ് ശാസ്ത്രീയമായി ഈ അവയവങ്ങളെ കൊണ്ടുള്ള പ്രവർത്തികൾ പലവിധമുണ്ട് മണ്ഡലസ്ഥാനങ്ങൾ ഭ്രമരികൾ പ്ളവനങ്ങൾ ഗതികൾ വിക്ഷേപങ്ങൾ ചാരി എന്നിത്യാദി പേരുകളിൽ ആണ് അറിയപ്പെടുന്നത്.പാദതാഢനം,ചട്ടം, കറക്കം, നിലകൾ, കരവിക്ഷേപങ്ങൾ മുതലായവയിൽ നിന്ന് ലഭിക്കുന്നതാണ് അംഗാഭിനയം.

കഥാസന്ദർഭത്തിന് കഥാപാത്രത്തിന്റെ സ്ഥായിക്കും രാഗ താളം മേളം അനുസരണം പ്രകടിപ്പിക്കേണ്ടതാണ്.

**വാചിക അഭിനയം**

വാചിക അഭിനയം ഉപയോഗിക്കേണ്ടത് നാട്യത്തിലും നാടകത്തിലും ആണ് വാചിക അഭിനയം ഉണ്ടാകുന്നത് വാക്കുകളെയും വാചകങ്ങളെ സന്ദർഭാനുശ്യതം ഉച്ചരിക്കുന്നതിൽ നിന്നുമാണ് അക്ഷരശുദ്ധി ശബ്ദക്രമം ഉച്ചാരണവിധം എന്നിവ ത്യാതികളെ ആശ്രയിച്ചാണ് വാചികാഭിനയത്തിന്റെ മേന്മ പ്രത്യക്ഷ മാകുന്നത്.

**ആഹാര്യ അഭിനയം**

വേഷഭൂഷാദികൾ കഥാപാത്രത്തിന്റെ നിലയ്ക്കും സന്ദർഭത്തിനും സ്ഥായിക്കും യോജിച്ച വിധമുള്ള ആകൃതിയിലും നിറത്തിലും ഉണ്ടാക്കി അണിയുന്നതിൽ നിന്ന് ആഹാര്യാഭിനയം ഉണ്ടാവുകയും അംഗികാഭിനയത്തിനു ഗുണം വർദ്ധിപ്പിക്കുകയും ചെയ്യുന്നു

**സാത്വിക അഭിനയം**

ദേഹസ്വരൂപമാണ് സത്വം സത്യത്തിൽ നിന്നും ഭാവവും ഭാവത്തിൽ നിന്ന് ഹേലയും ജനിക്കുന്നു. ഭാവ ഹേലാദികൾ ശരീരത്തിലെ ഇരിക്കുന്നവയാണ് സത്യം മുന്തിനിൽക്കുന്ന അഭിനയം ഉത്തമവും സത്വം സമനിലയിൽ നിൽക്കുന്നത് മദ്യവും ഇല്ലാത്തത് അധമും ആകുന്നു നവരസങ്ങളും മറ്റോ അഭിനയങ്ങളും നിലകൊള്ളുന്നത് അഷ്ടപഷ്ട രൂപം ആയിട്ടുള്ള സത്യത്തെ ആശ്രയിച്ചാണ് അഭിനയ കലയുടെ ഉൽഷത്തി അഭിനയത്തിൽ നിന്നാണ് ഇപ്രകാരം ശരീരങ്ങൾ കൊണ്ടും വാക്കുകൾ കൊണ്ടും വേഷഭൂഷാദികൾ കൊണ്ടും സത്വം കൊണ്ടും കവിയുടെ അന്തർഗതമായ ആശയത്തെ വെളിവാക്കുന്ന ഒരു പ്രദർശന ശൈലിയാണ് അഭിനയത്തിൽ ഉള്ളത്. അഭിനയ ശബ്ദത്തിന്റെ ഒരു പര്യായമായ വ്യഞ്ജനാകത്തിലും ഈ ഭാവത്തെ ഊന്നി പറയുന്നു. രസാഭി വ്യക്തിയെ ലക്ഷ്യമാക്കി കൊണ്ടായിരിക്കുന്ന എല്ലാ ഘടകങ്ങളും എന്ന നിഷ്കർഷി ക്കുന്നതിൽ നാട്യശാസ്ത്രകാരന്മാർ എല്ലാം

ഒരുപോലെ ശ്രദ്ധിച്ചിരുന്നു സങ്കേതങ്ങളെ സംബന്ധിച്ചിടത്തോളം ഭാരതത്തിലെ വിവിധ പ്രദേശങ്ങളിൽ രൂപം കൊണ്ടിട്ടുള്ള ദൃശ്യ കലാരൂപങ്ങളെല്ലാം തന്നെ നാട്യശാസ്ത്ര ങ്ങളായ നിർദ്ദേശങ്ങളും നിബന്ധനങ്ങളുമാണ് സ്വീകരിച്ചിട്ടുള്ളത്. മോഹിനിയാട്ടം കൂടിയാട്ടം മണിപൂരി കഥകളി കുച്ചിപ്പുടി ഭരതനാട്യം കുത്ത് തുള്ളൽ അക്ഷരം തുടങ്ങിയവയിൽ എല്ലാം ഉൾക്കൊള്ളുന്ന അഭിനയ അംശം ഇത്തരത്തിലുള്ളതാണ്

അഭിനയ വേദിയെ സംബന്ധിച്ചിടത്തോളം ഇന്ത്യയ്ക്ക് സമാന്തരമായി വിവാഹം പ്രാപിച്ചിരുന്നത് ഗ്രീസിലും ചൈനയിലും രൂപമെടുത്ത് നാടൻ വേദികൾ ആയിരുന്നു പക്ഷേ ഗ്രീക്കിലോ ചീന ഭാഷയിലോ ഉള്ള സമാന പദങ്ങൾ അഭിനയം എന്ന ഭാരതീയ സംശയ ഉൾക്കൊള്ളുന്ന എത്ര വ്യാപകവും വൈവിധ്യപൂർണ്ണവുമായ ഒരു അന്ധവ്യാപ്തി ഉൾക്കൊണ്ടിരുന്നില്ല പ്രത്യേകിച്ചും അഭിനയം നാടകവുമായി ബന്ധപ്പെട്ടതാണ് രൂപപ്പെടുത്തുന്നത് അഭിനയം ആവശ്യമായി വന്നത് കഥാപാത്രങ്ങളുടെ പ്രതിനിധാനം ചെയ്യുക എന്ന ധർമ്മം നിർവഹിക്കുവാനാണ് ചൈനീസ് നാടകവേദി നിർത്ത വേദിയുമായി ബന്ധപ്പെട്ട് രൂപം കൊണ്ടത് ആയതുകൊണ്ട് നൃത്തത്തിലും ഒരു പരിധി വരെ അഭിനയം ആവശ്യമായി വന്നു നാടകവേദിക്ക് ഉണ്ടായ വികാസം പിൻകാലത്ത് നിർത്ത് വേദിയിൽ നിന്ന് സ്വാതന്ത്ര്യമായും സമാന്തരമായി ആയിരുന്നു അഭിനയത്തിന്റെ തുടർന്നുള്ള വികാസം അവിടെയും നാടക വേദിയുമായി മാത്രം ബന്ധപ്പെട്ടായിരുന്നു യൂറോപ്യ നാടകവേദി ഗ്രീക്ക് നാടകവേദിയുടെ വികസിത രൂപമായിരുന്നു കൊണ്ട് യൂറോപ്യൻഅഭിനയ വേദിയെ കുറിച്ച് പറയുമ്പോൾ അവിടത്തെ നാടക വേദിയുമായി മാത്രം ബന്ധപ്പെടുത്തിയ പറയാൻ പറ്റൂ. പൗരസ്ത്യ നാടകവേദിയിൽ നൂറ്റാണ്ടുകളുടെ തുടർച്ചയായി നിലനിൽപ്പ് അവകാശ പ്പെടാവുന്ന ജപ്പാനിലെ നാടകവേദി ചൈനീസ് നാടകവേദിയുടെ പരിണിത രൂപമായതുകൊണ്ട് അഭിനയ വേദിയും നാടകത്തോട് ബന്ധപ്പെട്ടാണ് നിലനിന്നിരുന്നത് ആധുനിക അഭിനയ വേദി ഇന്ത്യയിൽ ഒഴികെ മറ്റെല്ലായിടത്തും ഏരിയ കൂറും നാടക പ്രസ്ഥാനത്തോട് ബന്ധപ്പെ

ട്ടിരിക്കുന്നത് കൊണ്ട് അഭിനയത്തെ സംബന്ധിച്ച ആധുനിക പ്രവണതകളെ കുറിച്ചുള്ള പഠനങ്ങൾ അരങ്ങനാടകം എന്നീ വിഷയങ്ങളോട് ബന്ധപ്പെടുത്തി ചേർത്തിരിക്കുന്നു അഭിനയിച്ച ദർപ്പണം കഥകളി നാടകം മോഹിനിയാട്ടം കൂടിയാട്ടം ആരങ്ങ് കൂത്ത് തുള്ളൽ നാട്യശാസ്ത്രം ഭരതം മുനീർ കൈമുദ്രകൾ നവരസങ്ങൾ ഭരതനാട്യം

**നടനം മൂന്നുവിധം**

നാട്യം, നൃത്തം, നൃത്ത്യം.

1. നാട്യം - നാടകാധി കലകൾ പോലെ നടൻ സ്വയം സംഭാഷണം ചെയ്ത് അഭിനയിക്കുന്ന രീതിയാണ് നാട്യം
2. നൃത്തം - ഭാവാഭിനയങ്ങൾ ഇല്ലാതെ അഭിനയിക്കുന്ന രീതിയാണ് നൃത്തം
3. നൃത്ത്യം - വേഷഭൂഷാദികളോടും പിന്നണിയിൽ നിന്നുള്ള ഗാനവും വാദ്യോപകരണങ്ങളുടെയും സഹായത്തോടുകൂടിയും രംഗത്ത് അഭിനയിക്കുന്ന രീതിയാണ് നൃത്ത്യം

## ഉപസംഹാരം

കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട മൂന്നു ശ്രീകൃഷ്ണസ്വാമി ക്ഷേത്രങ്ങളിൽ ഒന്നായ അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന്റെ ചരിത്രവും ഐതിഹ്യവും തിരുവുത്സവങ്ങളെയും 12 കളഭ മഹോത്സ വത്തെപ്പറ്റിയും പിന്നീട് ലോകപ്രശസ്തനായ കലകത്ത് കുഞ്ചൻ നമ്പ്യാരെ യും അദ്ദേഹത്തെ തുള്ളലിനെ പറ്റിയും തുള്ളലിന്റെ തരം തിരിവുകളെയും ചൂണ്ടിക്കാണിച്ചുകൊണ്ടും തുള്ളലിന്റെ മുദ്രയെയും അഭിനയത്തെയും പറ്റി ഇവയെല്ലാം പ്രതിപാദിച്ചു കൊണ്ടാണ് ഞാൻ ഈ പ്രബന്ധം എഴുതിയിരിക്കുന്നത്.